പ്രസിദ്ധീകരണത്തിന്റെ 25 -ാം വർഷം

ലക്കം
165

# ലിറ്റിൽ മാസിക

കവിതാപതിപ്പ്

2017 ജനുവരി-ഫെബ്രുവരി



**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com



**Copy Heart**

*Copying is an act of love.Love is not subject to law. Please copy and share it*



ലക്കം

***165***

എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**


ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**

പ്രിന്റിംഗ്
റെഡ്സ്റ്റാർ കോഴിക്കോട്

ചിത്രീകരണം
**റ്റി. റഹിമാൻ**

**വില: 30 രൂപ**


*ജീവിതത്തെക്കുറിച്ചുള്ള എഴുത്തുകൾക്ക് മാസികയിലിടമുണ്ട്. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ലളിതമായ ജീവിതം, സ്വാഭാവികജീവനം, ആഹാരം, വസ്ത്രം, പാർപ്പിടം, പള്ളിക്കൂടം, യാത്ര, അടുക്കള, നടത്തം, കരുണ, സഹജമായ പുഞ്ചിരി, ധ്യാനം, ബദൽ മാർഗ്ഗങ്ങൾ, ചെറുപ്രാണികൾ, കാട്, ജൈവവിപണികൾ, പ്രകാശം പരത്തുന്നവർ...അങ്ങനെ ജീവിതത്തെക്കുറിക്കുന്നതെന്തും മാസികയുമായി പങ്കുവെക്കൂ..*



പതിവ് വിട്ട് കവിതകൾ മാത്രമായി ഒരു ലക്കം.ലിറ്റിൽ മാസികയിൽ വളരെ കുറച്ചേ കവിതകൾ വരാറുള്ളൂ. എന്നാൽ എല്ലാവരും കവിത മൂളുന്ന,ജീവിതം അൽപ്പം കൂടി കവിതാമയമാകുന്ന ഒരു ലോകത്തെക്കുറിച്ചാണ് ലിറ്റിൽ മാസികയുടെ സാധാരണ ലക്കങ്ങൾ ആലോചിച്ചുകൊണ്ടിരുന്നത്. ജീവിതം തന്നെ കവിതയായി മാറാൻ ഏതെങ്കിലും തരത്തിൽ ഊർജ്ജം പകരാൻ കഴിഞ്ഞെങ്കിൽ എന്ന് തന്നെയാണ് ലിറ്റിൽ മാസികാ താളുകൾ സ്വപ്നം കണ്ടതും.

കവി ശൈലനാണ് ഇതിലെ കുറെ കവിതകൾ സമാഹരിച്ചത്. ലിറ്റിൽ മാസികയ്ക്ക് നേരിട്ടു കിട്ടിയ കവിതകളും ഉണ്ട്. കവിതാപതിപ്പിലേക്ക് സ്നേഹത്തോടെ തന്ന എല്ലാ കവിതകളും ഉൾപ്പെടുത്താനാണ് തീരുമാനിച്ചത്. മറ്റു പല കാര്യങ്ങളിലുമെന്നപോലെ കവിതയുടെ കാര്യത്തിലും മാസികയുടെ താളുകൾ ആധികാരികതയുടെ ഇടങ്ങളില്ലെന്ന തിരിച്ചറിവോടെ തന്നെയാണ് കവിതാ പതിപ്പിനെ സുഹൃത്തുക്കൾ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുക എന്ന് തീർച്ചയുണ്ട്.

മനുഷ്യർ കൂടുതൽ കവിതയോടടുക്കേണ്ട കാലമാണിത്. കാലുഷ്യങ്ങൾ നിറയുന്ന കാലം. പരുക്കൻ ശബ്ദങ്ങൾ കേൾക്കും കാലം. ദുർബലരുടെ സ്വരം കൂടുതൽ നേർത്തതാകുന്ന കാലം. ഹിംസ നിറയും കാലം. ഓരോ മനസ്സിലും കവിതകൾ പിറക്കട്ടെ. നേർത്ത ശലഭചിറകടികൾ കേൾക്കട്ടെ! ആർദ്രമനസ്സുകൾ കവിത മൂളട്ടെ.

കവി സച്ചിദാനന്ദന്റെ വരികൾ ഒരു സ്വപ്നമായി മനസ്സിലെത്തുന്നു.

"പൂവുകൾക്കും പാടാവുന്ന സമയം വരും!
അപ്പോൾ എല്ലാ മനുഷ്യരും കവികളാകും!"

എല്ലാ മനുഷ്യരും കവികളാവട്ടെ!

**-ലിറ്റിൽ മാസികാ പ്രവർത്തകർ**


---

കവിത കവിക്കു മാത്രം തോന്നുന്നതല്ലെന്നും എല്ലാവർക്കും ചിലപ്പോൾ തോന്നുന്നതാണെന്നും കവിത മനുഷ്യന്റെ പ്രാഥമിക അനുഭവ മാതൃകയാണെന്നും പറയാം. നാം കവിയെ ദാർശനികൻ അല്ലെങ്കിൽ ഋഷി എന്നു വിളിക്കുന്നു. ദർശനമാണ് അല്ലെങ്കിൽ രൂപത്തെക്കുറിച്ചുള്ള ബോധമാണ് കവിയുടെ ബോധം അഥവാ അനുഭവങ്ങൾക്ക് രൂപം കൊടുക്കുന്നവനാണ് കവി എന്നും ഇങ്ങനെയുള്ള രൂപാധാനം വാസ്തവത്തിൽ കവികൾ മാത്രമല്ല, ചിലപ്പോൾ കവികൾ അധികമായും സാമാന്യജനങ്ങൾ സാധാരണമായും ചെയ്തുപോരുന്ന ഒരു പ്രവർത്തനമാണ് എന്നും കോളറിഡ്ജ്, പ്രൈമറി ഇമാജിനേഷനെ കുറിച്ച് പറയുമ്പോൾ സ്പഷ്ടമാക്കുന്നു.

**-എം.എൻ. വിജയൻ**

കവിതയുടെ ഔദാത്ത്യത്തെക്കുറിച്ചുള്ള സങ്കൽപമുപേക്ഷിച്ച് കവികൾ സാധാരണക്കാരെ പോലെയാകുംതോറും കവിത കൂടുതൽ അഗാധവും ആധികാരികവുമായ കാവ്യാത്മകത നേടുന്നു. ആധുനിക ജിവിതത്തിന്റെ ദൈനംദിനം ചലനങ്ങളിലേക്ക് സ്വയം ആഴത്തിലെടുത്തെറിയുക വഴി, ഈ ജീവിതത്തെ കലയുടേതാക്കി മാറ്റാനയാൾക്കു കഴിയും!

**-സച്ചിദാനന്ദൻ**



# കവിതയുടെ കപ്പൽയാത്ര..

*അക്ഷരമാലാക്രമങ്ങളിലൂടെ ഒരു കപ്പൽ യാത്ര പുറപ്പെടുകയാണ്... മുൻഗണനാക്രമങ്ങളും മൂപ്പിളമ പ്പോരാട്ടങ്ങളുമില്ലാത്ത ഒരു ശാന്ത സമുദ്രത്തിലൂടെ... തീരെച്ചെറിയ തിമിംഗലങ്ങളെ ആക്രമിക്കാൻ ഒരുങ്ങിനിൽക്കുന്ന ആൽഗെക ളുടെ വർണ്ണമൂർച്ചകളെ വേണമെ ങ്കിൽ അടിത്തട്ടിന്റെ സുതാര്യത യിൽ പൂതക്കണ്ണാടി വെച്ച് തേടാം...; വേണമെന്നുള്ളവർക്ക് മാത്രം... (അങ്ങനെയൊക്കെയാ ണല്ലോ നാട്ടുനടപ്പ്) പ്രത്യേക പതി പ്പെന്ന് ചിന്തിക്കുമ്പോഴും കേൾക്കു മ്പോഴും ഒരു കാലകേയന്റെ ഭാഷാ വിച്ഛിന്നതയും ആക്രമസർഗ്ഗാത്മക തയും പ്രതീക്ഷിച്ചു പോവുന്നതും കാതോർക്കുന്നതുമൊക്കെ സ്വാഭാ വികം...*

*പക്ഷേ, കാലം ജനഗണമനയുടേ താണ്... അറ്റൻഷനായി നിൽക്കാൻ തന്നെയാണ് എല്ലാ വർക്കും കമ്പം; അതിപ്പോ കവിത യിലായാലും വായനയിലായാ ലും.. ഇത് അതിനിടയിൽ ഒരു ശ്രമം മാത്രമാണ്.. കട്ടിയും ആഡം ബരവും കൂട്ടി സ്രമമോ ഷ്രമമോ ആക്കി മാറ്റാൻ ശ്രമിച്ചിട്ടില്ലാത്ത വെറുമൊരു ശ്രമം...*


*നിർബന്ധിച്ചോ ഭീഷണിപ്പെടു ത്തിയോ കെഞ്ചിയോ പ്രമുഖരിൽ നിന്നും ചുരത്തിയെടുത്ത സ്രവ ങ്ങൾ ഇതിലില്ല... ചെറിയൊരു സ്നേഹാഭ്യർത്ഥനയുടെ വിളിപ്പു റത്ത് പതിയെ നടന്നുവന്ന സ്വാഭാ വികപ്പിറവികളുടെ ഒത്തുചേരലാ ണ്... ആദ്യമായി പ്രിന്റിംഗ്-ചത വേൽക്കുന്ന ചില പേരുകളെ ങ്കിലും കൂട്ടത്തിൽ ഉണ്ടെന്നത് നേരിയൊരു ആനന്ദമായ് വേണമെ ങ്കിൽ പറയാം... അത്രേള്ളു...*

*ഒരുക്കൂട്ടിയെടുത്തവൻ....*

**-ശൈലൻ**

## അകത്ത്....


ജെയിൻ ഹേർഷ് ഫീൽഡ് 4
സി. എഫ്. ജോൺ 5
ഇസുമി ഷികിബു 5
ചിമാകോ തദ 5
എം.ആർ. വിഷ്ണുപ്രസാദ് 6
അനൂപ് എം. ആർ.7
ഒ. അരുൺകുമാർ 7
ആഷ് അഷിത 7
അശോക് മറയൂർ 8
അബ്ദുനാസർ പി.പി.9
അരുൺകുമാർ 8
അമൽ സുഗ 8
എസ്. ബിജിലാൽ 9
അജിത ടി.ജി. 9
ബിന്ദു സജീവ് 10
എം.ബഷീർ 10
ഡോണ മയൂര 11
ഗയ 11
ജമാൽ മൂക്കുതല 11
ജിലു ജോസഫ് 11
ജ്യോതി മാനുഷികം 11
ഹരിശങ്കരനശോകൻ 12
ഹണി ഭാസ്കരൻ 12
എസ്. കണ്ണൻ 12
ജയശങ്കർ എ. എസ്. 13
കലാചന്ദ്രൻ 13
ല്യാൽ വാട്സൺ 14
എസ്.ശാന്തി 14
യെഹൂദാ അമിച്ചായ് 14
കെ. ശ്രീലത 14
ലതീഷ് മോഹൻ 15
നിരഞ്ജൻ ടി.ജി.16
മഹമൂദ് മൂടാടി 16
കെ. പി. നൗഷാദ് 16
മീരാകൃഷ്ണൻ 17
മൃദുലാദേവി 17
മനോജ് കട്ടാമ്പള്ളി 17
മധു ആലപ്പടമ്പ് 18
മുജീബ് മുഹമ്മദ് 18
മനു മാധവൻ 18
പ്രഭാ സക്കറിയാസ് 19
രോഷ്നി സ്വപ്ന 20
റസാക്ക് എടവനക്കാട് 20
എം. പി. പ്രതീഷ് 20
പത്മ 4,5
രമേഷ് വട്ടിങ്ങാവിൽ 21
സഞ്ജയ് ഗസൽ 21
രഗിലാ സജി 21
രമേഷ് സി.പി. 22
സോവി 22
എം.ആർ.രേണുകുമാർ 23
രാജേഷ് ചിത്തിര 23
സുബിൻ അമ്പിത്തറയിൽ 24
സന്തോഷ് കോടനാട് 24
ശ്രീകുമാർ കരിയാട് 25
ശ്രീജിത് അരിയല്ലൂർ 25
സുനിത മധു 25
സംപ്രീത 25
വിനീത മഹേഷ് 27
സുധീർരാജ് 28
സുനി പി. വി 28
സുജീഷ് 29
സഞ്ജയ് നാഥ് 29
സോണി ഡിത്ത് 29
വിമീഷ് മണിയൂർ 30
ഹാഷ്മി എസ്. കെ. 30
സാഹിറ 30
വി.ടി.ജയദേവൻ 31



ലോകകവിത

## വൃക്ഷം

**ജെയിൻ ഹേർഷ് ഫീൽഡ്**
*മൊഴിമാറ്റം:പത്മ*

വീടിനു ചാരേ
ചെറിയ പുളിമരം
വളരാൻ വിടുന്നത്
ഒരു വിഡ്ഢിത്തം.

ഈ ഒരൊറ്റ് വാഴ്‌വിൽ പോലും
ഒന്നു മാത്രം
തിരഞ്ഞെടുക്കേണ്ടിവരും,
വൃക്ഷത്തിൻ സ്വച്ഛസാന്നിദ്ധ്യമോ
സൂപ്പുപാത്രങ്ങളുടെയും
പുസ്തകങ്ങളുടെയും
കലമ്പലുകളോ.

ഇപ്പോൾത്തന്നെയതിന്റെയാദ്യ
ത്തെച്ചില്ലകൾ
ജനാലയിലുരുമ്മിക്കൊണ്ടിരി
ക്കുന്നു
പതുക്കെ
ശാന്തമായി, അഗാധമായി
നിങ്ങളുടെ
വാഴ്‌വിനുമേൽ വിരൽ
തൊടുന്നു.

2
## പച്ചവരയുള്ള തണ്ണി മത്തൻ

നക്ഷത്രങ്ങൾക്കു താഴെ
വയലിൽക്കിടക്കുന്നു
മഴയ്ക്കുതാഴെ
വയലിൽക്കിടക്കുന്നു
സൂര്യനും താഴത്ത്.

ചിലമനുഷ്യരെപ്പോലെ-
ഒരു ചിത്രത്തിനടിയിൽ
ഒളിപ്പിച്ചുവെച്ച മറ്റൊരു ചിത്രം

അപ്രതീക്ഷിതമായ ഭാരത്താൽ
അവ പാകമായെന്നറിയിക്കുന്നു.

3
## എന്റെ ഋതു

ഉണർന്ന്
മയങ്ങി
വിശന്ന്
ഇരിപ്പുറയ്ക്കാതെ
ആധിയോടെ
പേടിച്ചരണ്ട്
സ്വാസ്ഥ്യത്തോടെ

ഒരു
വൃക്ഷവുമങ്ങനെയാകുമോ?
ഒരു പർവ്വതം?
കോപ്പയിൽ
മധുരം, ധാന്യം,
മൂന്നു വലിയ മുയലുകൾക്ക്
വേണ്ടത്ര ശ്വാസം,

എനിക്കുള്ളിലിത്രയും

4.
## നാഴിക

ഒരു നാഴിക ഒരു വീടല്ല
ജീവിതം ഒരു വീടല്ല
വാതിലുകളും ജനലുകളുമെന്ന
വണ്ണം
നിങ്ങൾക്കവ കടന്നു
പോകാനാവില്ല.

ഒരു നാഴികയ്ക്കുണ്ടാവാം,
രൂപം, അനുപാതം,
നാലുചുമരുകൾ
മേൽത്തട്ടുകൾ

നാഴിക ഒരു ഗ്ലാസ്സു പോലെ
താഴെ വീഴ്ത്തുവാനാകും



# കൂട്

**സി.എഫ്. ജോൺ**
*മൊഴിമാറ്റം:പത്മ*

ചുള്ളിക്കമ്പുകളും പുല്ലും
തൂവലുകളുമായി
പായുന്ന പക്ഷികളെ
ചിലപ്പോൾ നാം
കണ്ടെത്തുന്നു.

വിശുദ്ധമായ തിടുക്കം,
ഒരു കാത്തിരിപ്പ്,
ഒരർത്ഥം.

കാറ്റിലവയെ നാം മണക്കുന്നു,
മരങ്ങളിൽ,
മണ്ണിൽ.

നിശ്ശബ്ദമായ ഒരു ഗീതം.
ഒതുക്കി
വെക്കാനവൾക്കാവാത്തയൊഴുക്ക്
പക്ഷെ,
അവൾക്കുടലിലാകെയും
കണ്ണുകൾ, എല്ലാത്തിനെയും
നോക്കുന്നവ-

ആ കുട്ടിയെ, പാമ്പിനെ,
പൂച്ചയെ,
ചുറ്റിക്കേറിവരുന്ന
കൊടുങ്കാറ്റിനെ.

നാമെന്തുപേരിടും,
വിശുദ്ധകർമ്മത്തിന്റെയീ
തുടർപ്പിന്

*(സി.എഫ്.ജോണിന്റെ "സെന്റ് കബീർ, ഫ്രാൻസിസ് ഓഫ് അസീസി ആന്റ് അതർ പ്രെഗ്നന്റ് ബേഡ്സ്" എന്ന കലാപ്രദർശന ത്തിൽ നിന്നും)*

*ജാപ്പനീസ്കവിതകൾ*

# രാത്രി

**ഇസുമി ഷികിബു**

ഭീതിതമായി
കാറ്റുവീശുമ്പോഴും
നിലാവിറ്റുവീഴുന്നു,
തകർന്ന വീടിൻ
മേൽക്കൂര വിടവിലൂടെ

# രണ്ടുകവിതകൾ

**ചിമാകോ തദ**

1
ഉപേക്ഷിച്ച കെറ്റിലിൽ
ചൂടുവെള്ളം
പതിയെത്തണുക്കുന്നു
തണുത്തവെള്ളത്തിൻ
അനിഷ്ടങ്ങളത്രയും
ചുമന്നുകൊണ്ട്.

2
രാത്രിയുടെ
അറ്റത്ത്
ഒരു ദ്വാരമുണ്ട്.
ഒരു രഹസ്യം,
നിരത്തുവെളിച്ചത്തിൻ
ചുവപ്പാൽ പൊതിഞ്ഞ്.



# കവിതയെയും ജീവിതത്തെയും കുറിച്ച്...

എം.ആർ. വിഷ്ണുപ്രസാദ്

1. എഴുതാൻ കഴിയുമെന്ന് തോന്നുന്ന ഒരു വാഗ്വിദ്യയാണ് കവിത. എന്നാൽ കവിത ഒരിക്കലും എഴുതപ്പെടുന്നില്ല. കവിത എഴുതാനുള്ള ശ്രമം മാത്രമാണ് കവിതയെഴുത്ത്.

2. ഭാഷ എഴുതാനറിയുന്ന ഭൂരിപക്ഷം മനുഷ്യജീവികൾക്കും ഒരു വരിയെങ്കിലും പടയ്ക്കാനുള്ള ആഗ്രഹം ഉള്ളിലമർന്നു കിടക്കുന്നു. എന്നാൽ ഭൂരിപക്ഷത്തിനും മെരുങ്ങാത്ത ഒരു വന്യജീവിയായി കവിത എല്ലാവരുടെയും മാളങ്ങളിൽ ഒളിപാർക്കുന്നു.

3. കവിത തികച്ചും കൃത്രിമമായ ഒരു എഴുത്തുസങ്കേതമാകുന്നു.

4. വ്യവഹാര ഭാഷയിൽ നിന്ന് വാക്കുകളെടുത്ത് ആരും കവിത മെനയുന്നില്ല. പ്രാഗ്ഭാഷയായ ഒരു ഭീമാകാര വാമൊഴിക്കവിതയിൽ നിന്ന് നമ്മൾ വാക്കുകൾ പെറുക്കിയെടുത്ത് സംസാരിക്കുന്നു.

5. കവിത ഒരു രാജ്യത്തെയും രക്ഷിക്കാൻ പോകുന്നില്ല. കവിത തുരുത്തുകളും അതിരുകളും ഉണ്ടാക്കി അതിന്റെ സങ്കൽപ്പാതീത ഭൂപടനിർമ്മാണം തുടരുന്നു.

6. ആരും ഒന്നും പുതുതായി എഴുതുന്നില്ല. ചീട്ടുകൾ പോലെ വാക്കുകൾ മലർത്തിയടിക്കപ്പെടുന്നു. ചിലർക്ക് കളി ഇഷ്ടപ്പെടുന്നു.

7. നിരാശ ലെവലേശമില്ലാതെ 'ഇല്ല ഇനി കവിതയെന്ന പേരിൽ ഒരു ചുക്കും എഴുതേണ്ടതില്ല' എന്ന തീരുമാനത്തിനുശേഷം എല്ലാവരും മുഴുനീളക്കവിയാകുന്നു.

8. കവിത എഴുത്താളെയും വായനാ ശീലരെയും ഒരുപോലെ പറ്റിക്കുന്നു.

9. ഏറ്റവും നല്ല കവിത എന്നൊന്നില്ല.

10. ഏറ്റവും നല്ല കവിത അത് എഴുതുന്ന ആൾക്ക് മാത്രം മനസ്സിലാകുന്ന കവിതയാകുന്നു.

11. ഏറ്റവും നല്ല കാവ്യപ്രേമി അതെഴുതുന്ന ആളാകുന്നു.

12. എഴുതപ്പെട്ട ആളാൽ മാത്രം വായിക്കപ്പെട്ടതും ഇഷ്ടപ്പെട്ടതുമായ കവിതകൾ കൊണ്ട് ലോകം അലങ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

13. വ്യക്തിഗതമായ ഇഷ്ടങ്ങൾക്കപ്പുറത്താണ് കവിത ഓടിക്കളിക്കുന്നത്. അതുകൊണ്ട് നിർദ്ദിഷ്ട സായാഹ്നങ്ങളിലെ സൂര്യാസ്തമയങ്ങൾക്ക് ഒരു ഭംഗിയുമില്ല.

14. കവിത മനസ്സിൽ നിന്ന് സൗന്ദര്യത്തെ എടുത്തുകളയുന്നു.

15. കവിത ഒരേ സമയം ശബ്ദവും നിശ്ശബ്ദവുമാകുന്നു. അതുകൊണ്ട് കിളിയൊച്ച പോലെ ഡ്രില്ലറിന്റെ ശബ്ദവും സുഖത്തെ പകരുന്നു.

16. പ്രകൃതി എന്ന ശുദ്ധസങ്കൽപത്തെ കവിത തൊഴിച്ചു പുറത്താക്കുന്നു. മൊബൈൽ ടവറോളം നല്ലതാണ് ഏത് ആൽമരവും എന്ന് വിശ്വസിക്കാനാകുന്നു.

17. 'കടുവാസംരക്ഷണ പദ്ധതി'യിൽ കവിത വിശ്വസിക്കുന്നില്ല. ഒരു കടുവയും തന്നെ സംരക്ഷിക്കാൻ മനുഷ്യകുലത്തോട് അപേക്ഷിക്കാത്തതിനാൽ കവിത അടിമുടി ഒരു മനുഷ്യസംരക്ഷണ പദ്ധതിയാണ്.

18. കവിത സന്ദേശോത്പാദന യന്ത്രമല്ല. അത് സന്ദേശങ്ങളെ ഉൻമൂലനം ചെയ്ത് സന്ദേഹങ്ങളെ കെട്ടിപ്പൊക്കുന്നു.

19. കവിതയെ പറ്റി എന്തെങ്കിലും അക്കമിട്ടെഴുതാൻ കഴിയുമെന്ന വിഡ്ഢിത്തത്തിൽ കവിതയില്ല. അക്കങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് ഒന്നുമുതൽ പത്തൊൻപതുവരെ എന്ന കണക്കിൻപ്രകാരമുള്ള പ്രസ്താവങ്ങൾ വായിച്ചയുടൻ സ്വയം മായ്ച്ചോ കീറിയോ കളഞ്ഞ് സ്ഥലം വിടുവാൻ അപേക്ഷ.

# സൈക്കിൾ സവാരി ചെയ്യുന്ന ദൈവം

**അനൂപ് എം.ആർ**

ദൈവമിന്നൊരു സൈക്കിൾ യാത്രക്കാരനാണ്
ഇടതടവില്ലാതെ വാഹനങ്ങൾ പായുന്ന
തനിക്കിടമില്ലാത്ത പാതയിൽ
തീണ്ടാപ്പാടകലെ
ജലദോഷം പിടിച്ച ബെല്ലടിച്ച് ഇടറിക്കൊണ്ട് യാത്ര തുടരുന്നു
ആരാലും മാനിക്കപ്പെടാതെ ശ്രദ്ധിക്കപ്പെടാതെ
എത്രയും അപ്രധാനനായി പാതമുറിച്ചുകടക്കാൻ
കാത്തുനിൽക്കുന്നു
ദൈവത്തിനുമുന്നിൽ രണ്ടു സാധ്യതകൾ മാത്രം
ബാക്കിയാവുന്നു

1. ആറുവരിപ്പാത ഒഴിയുംവരെ കാത്തുനിൽക്കുക
2. കാത്തുനിന്ന് സൈക്കിൾ സമാധിയാവുക.

# പുഴ എന്ന വെള്ളം

**ഒ. അരുൺകുമാർ**

വായിക്കാതൊഴുകുന്ന പുഴയ്ക്ക്
ഒച്ചയുണ്ടാകില്ല
അതുകൊണ്ട് അത്
കുളമോ കിണറോ ആകുന്നില്ല
കയമെന്ന് പറയാനും പറ്റുന്നില്ല.


# ഉന്തേ ഉന്തേ

വർഗ്ഗങ്ങളെ ഇല്ലാതാക്കിക്കൊണ്ട്
പ്ലാസ്റ്റിക്കുകളെ ഇല്ലാതാക്കാം
ദൈവം കമ്മ്യൂണിസത്തെ
സൃഷ്ടിച്ചതുതന്നെ
പ്ലാസ്റ്റിക്കുകളെ
ഇല്ലാതാക്കുവാൻ വേണ്ടിയാണ്
ദൈവം മനുഷ്യരെ ഭ്രമിപ്പിക്കുന്ന
പ്ലാസ്റ്റിക്കുകളാണ്
വർഗ്ഗത്തിന്റെയും പ്ലാസ്റ്റിക്കിന്റെയും
ദൈവത്തിന്റെയും
കള്ളിയിൽ നിന്നും
അനാദിയല്ലാത്തതിനെ
യുന്തുന്തുന്തേ
ഉന്തേ ഉന്തേ

# രാവിലെകൾ

**ആഷ് അഷിത**

ഇന്നലെ മദിച്ചുറങ്ങിയ
വീടാണ് നമ്മൾ
ഉണർന്നപ്പോൾ രണ്ടായ്
പിളർന്നിരിക്കുന്നു.
വിശപ്പുമായുള്ളയുദ്ധം
തോൽക്കുമ്പോൾ
ഞാനൊരു മുറി
നീയൊരു മുറി
ഒറ്റക്കൊറ്റക്ക്
അടുക്കള തേടുന്നു.
ഒന്നിച്ചുണ്ട ഓർമ്മകൾ
പൂച്ചക്കുഞ്ഞുങ്ങളായി
കാലിൽ വന്നു നക്കുമ്പോൾ
നീ വിറക് പെറുക്കുന്നു.
ഞാൻ അടുപ്പ് കൂട്ടുന്നു.
ചായക്കൊതി തികട്ടുമ്പോൾ
കുഞ്ഞുമുറികളുണർന്ന്
ചീമ്പലയൊലിപ്പിച്ച്
വട്ടം പിടിച്ചൊട്ടുന്നു.
ഞാനൊറ്റമുറി-
നീയൊറ്റ മുറി -
നമ്മളൊറ്റ മുറിയെന്നു
കലപില കൂട്ടി
മൗനമെറിഞ്ഞുടക്കുന്നു
ചിരികളുയർന്ന്
വീടിനിക്കിളിയാവുന്നു.
പഴയയോർമ്മയിൽ
നീ കൈയെത്തിച്ചുതൊടുമ്പോൾ
ഞാൻ പാൽ ചുരത്തുന്നു.
നിന്റെ ചുമരിൽ
ഞാൻ മണ്ണ് മണക്കവെ
കാറ്റുപോണ വഴിയെ
വാതിലുകൾ, ജനാലകൾ
കൽച്ചുമരുകൾ, മേൽക്കൂരയപ്പാടെ
ഇറങ്ങിയോടുന്നു.
അലക്കി വെളുപ്പിച്ച ചിരിപ്പകൽ
ചൂടി നിൽക്കുമ്പോൾ
നമ്മുടെയുള്ളിലെ
രഹസ്യഅറ തുറന്ന് മെല്ലെ,
മധുരഉറുമ്പുകൾ
ഇറങ്ങിവരുന്നു
ആവി പരക്കുന്നു
മുറിവുകളിൽ
കസേരയിട്ടിരുന്ന് നമ്മൾ
ഇഷ്ടക്കേടിന്റെ പാട നീക്കി
ചായ ഊതിയൂതിക്കുടിക്കുന്നു.



## തായി

**അശോക് മറയൂർ**

എട്ട് ദിവസം തോരാതെ
പെയ്യും മഴയിൽ
വീട് ചോർന്നൊലിക്കും നീ
എത്ര കുടം വെള്ളം നിറച്ച്
പുറത്തേക്കൊഴിച്ചുവോ
പുകയടുപ്പ് ഊതി ഊതി
മിഴി രണ്ടും ചുവന്ന സൂര്യനാകും
നനഞ്ഞ വീട് തോർന്നുപോകും
എനിക്ക് മുലയൂട്ടി വയറ് നിറച്ച്
ആരും കാണാതെ
മുതുകത്തൊളിച്ചിട്ടു
നിന്റെ ഒട്ടിയ വയറുകാട്ടി
കാടും നാടും നടന്നുവന്നു
എന്ന് ഞാൻ പെണ്ണായ് പിറക്കും
നിന്നെ പെറ്റൊന്ന് വളർക്കും

## കൂട്ടാള്

തൈലപ്പുല്ലറുത്തറുത്ത്
നൊന്തകൈക്കൊരു
കല്ലുവള
വെയിലേറ്റ് ചുവന്ന തലമുടിക്കൊരു
മുറിപൂവ്
കണ്ടത്തിലോ
തോട്ടത്തിലോ
വനത്തിലോ
കടമില്ല
പട്ടണത്തിൽ കടം
തീരാത്ത കടത്തിൽ
പാതി തീർത്ത്
കൂലി കൊടുക്കാനെന്ന്
കേട്ടുവാങ്ങിയ പണം
കടക്കാരൻ കാണാതെ
പിന്നിലേക്ക് കൈകെട്ടും
പോലെ നീട്ടി നിനക്ക് തന്നു.

## മടക്കം

**അബ്ദുൽനാസർ പി.പി.**

മടങ്ങിപ്പോവണമെനിക്ക്
ഒരിക്കൽകൂടിയാ
പാടവരമ്പിലൂടെ
മഞ്ഞുകണങ്ങൾ
തങ്ങിനിൽക്കുന്ന
പുൽനാമ്പിലൂടെ
നിഷ്കളങ്കത തൻഭാവമുള്ള
ബാധ്യതകളില്ലാത്തെൻ
കുഞ്ഞു ബാല്യത്തിലേക്ക്

## അവനവനോട്

**അരുൺകുമാർ**

വരൾച്ചക്കൊടുവിൽ
ഒരുപാട് കത്തുകൾ
കിട്ടിത്തുടങ്ങിയിരിക്കുന്നു.
പലയിടത്തുനിന്നും
പോസ്റ്റുകാർഡ് എഴുത്തുകൾ
എങ്കിലും
അവ തരുമ്പോൾ
പോസ്റ്റ്മാൻ സംശയത്തോടെ
നോക്കുന്നത് എന്താകാം
ഒറ്റയ്ക്ക് ഇരുന്ന്
അവനവനോട് സംസാരിച്ചാൽ
മാത്രം രമ്യപ്പെടുന്ന എതിരാളികൾ
സ്വകാര്യതയിൽ ഒറ്റയ്ക്കുള്ള
കിട്ടാത്ത കനികൾക്കൊപ്പമുള്ള
ഇരട്ടചേരലുകൾ
കണ്ണാടിക്കുമുന്നിലെ പ്രസംഗങ്ങൾ
അഭിനയങ്ങൾ
എല്ലാം ശീലിച്ചുപോയ മനസിന്
ഒരേ കയ്യക്ഷരങ്ങളിലെ പല
ദൂരങ്ങളിൽ നിന്നും എത്തുന്ന
കത്തുകൾക്ക് മാത്രം എന്തു
പുതുമ തോന്നാൻ.

## കവിത

**അമൽ സുഗ**

കടലിലേക്ക്
തുറക്കുന്ന
ജനാലകളിൽ കവിളമർത്തിവച്ച്
പുനർ ജൻമത്തിന്റെ
സാധ്യതകളെ
നീ സ്വപ്നം കണ്ടുവെന്ന്
എന്റെ ചെറിയ
പെൺകുട്ടി
നിന്റെ പിൻകഴുത്തിലെ
നീല മറുകുപോലെയുള്ള
മഷിയാണ് എന്നോട് പറഞ്ഞുതന്നത്
ക്ഷമിക്കണം
വെളിച്ചത്തെയും മഴയെയും
വെറുക്കുന്നവളാണ് നീയെന്ന
നുണ മന്ത്രിച്ച്
ഒരു നാശം പിടിച്ച
വലിയ കിടക്കയും
നിന്റെ ശ്വസിക്കുന്ന മൂലകളുമാണ്
എന്നെ തെറ്റിദ്ധരിപ്പിച്ചത്.

# ഭാഗ്യവാന്മാർ

**എസ്.ബിജിലാൽ**

സീരിയലിൽ ആമഗ്നരായവർ
ഭാഗ്യവാന്മാർ.
ഭാഗ്യവതികൾ.
എന്തെന്നാൽ
അറുത്തെടുത്ത തലയും
വെടിയൊച്ചയും
നഗ്നരായി മുട്ടിലിഴയുന്ന
അടിമപ്പെണ്ണും
അവരുടെ വിഷയമാകുന്നില്ല.
സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.

പത്രം കാണാത്തവർ
പുണ്യാത്മാക്കൾ.
എന്തെന്നാൽ
നാൽക്കാലിയെ തിന്നതിന്
ഇരുകാലി മൃഗങ്ങൾ
കൊന്ന് കെട്ടിതൂക്കിയ
വാർത്ത അവരുടെ
ചെവിട് പൊള്ളിക്കുന്നില്ല.

ഉറക്കം കിട്ടുന്നവർ
ദൈവാനുഗ്രഹം നേരിട്ട് സിദ്ധിച്ചവർ.
എന്തെന്നാൽ
ഉണർന്നിരിയ്ക്കാറുള്ള
നോവും, വേവും
അവരെ നൊമ്പരപ്പെടുത്തുന്നില്ല.
നാവിൽ ശൂലവും, നാരങ്ങയും
കയറ്റി ഉണർന്നുപോയവനെ
കാവടിയെടുപ്പിക്കുന്ന
ജാലവിദ്യ കണ്ട് അവർക്ക്
വെറുതെ ബേജാറാകേണ്ട.

ഭക്ഷണം ഉപേക്ഷിച്ചവർ
മഹാമുനികൾ.
എന്തെന്നാൽ
അവരെ വിഷം തീണ്ടുന്നില്ല.

ശ്വസനം നിർത്തിയവർ
ഈരേഴുലോകം ജയിച്ചവർ.
എന്തെന്നാൽ
അവരുടെ ശ്വാസകോശം
കാർബൺ ശേഖരിക്കുന്ന
സ്പോഞ്ചാകുന്നില്ല.

ജനിക്കാത്ത
പഹയന്മാർ, പഹച്ചികൾ
അവർ ഭാഗ്യവാന്മാരിലെ
മെഗാ ബംബർ ഭാഗ്യവാന്മാർ.
എന്തെന്നാൽ
അവർക്ക്
ഉണ്ണാതെ
ഉറങ്ങാതെ
ശ്വസിക്കാതെ, കാണാതെ
ഒന്നുമറിയാതെ
അങ്ങനെയങ്ങ് പോകാം.



# ജീവിതം

**അജിത ടി.ജി.**

ജീവിതം
ആമയിൽ നിന്ന്
മുയലിലേക്കുള്ള നെട്ടോട്ടമാണ്
എല്ലായിപ്പോഴും
കുഞ്ഞിനെ പറ്റിച്ച
കാക്കയുടെ സൂത്രമാണ്
മിക്കവാറും
കുറുക്കന്
മുന്തിരയോടുള്ള പുളിപ്പാണ്
വല്ലപ്പോഴും
കുരങ്ങനെ പറ്റിച്ച
തൊപ്പിക്കാരനാണ്
എങ്കിലും
ദിവാസ്വപ്നം കണ്ട
മലർപ്പൊടിക്കാരന്റെ
അവസ്ഥയാണ്.

## ഉള്ളടക്കം

ബിന്ദു സജീവ്

### ഗോൾഡ് ഫിഷ്

ഈ ചതുരക്കടലിന്
പുറത്തെ
നേർരേഖകളിൽ
ചിലപ്പോൾ
അനങ്ങാതെ
നിന്നു പോവുന്നത്
ഒരോർമ്മവേര്
ഇടക്കിടെ
തട്ടിവിളിക്കുന്നതു
കൊണ്ടാണ്.

### ഉള്ളടക്കം

വാക്കുകൾക്കിടയിൽ
വിടവുകളെന്തിനാണ്
പലപ്പോഴും
പച്ചയോടെ
നമ്മെ
അടക്കാൻ


### വാക്ക്

ചോദ്യങ്ങളും
ഉത്തരങ്ങളും
അവസാനിക്കുന്ന
ശൂന്യതയിലേക്ക്
പടരാൻ
ചങ്ങലക്കിട്ട
ഏതോ ഒരു വാക്ക്
തുടലു പൊട്ടിക്കുന്നു.

## നേർവഴി

എം.ബഷീർ

മുളയ്ക്കും മുമ്പെ
മണ്ണിന്റെ ഗർഭത്തിൽ വെച്ച്
വിത്തിന്റെ
കണ്ണ് മൂടിക്കെട്ടിയിരുന്നു.
അരുതാത്തതൊന്നും
കാണരുതല്ലോ
പിച്ചവെക്കാൻ
തുടങ്ങിയപ്പോഴേക്കും
കുഞ്ഞിളംവേരുകൾ
കൂട്ടിക്കെട്ടിയിരുന്നു.
അതിര്
പടരരുതല്ലോ
തളിർക്കും മുമ്പെ
പച്ചിലകളിൽ
അന്ധതയുടെ മുദ്ര വെച്ചിരുന്നു
മഴയെ കണ്ട്
മോഹിക്കരുതല്ലോ.
മൊട്ടിടുംമുമ്പെ
മുള്ളുകൾ
പൂവിന്
വേലിക്കെട്ടിയിരുന്നു
കാറ്റ് വന്ന് തൊടരുതല്ലോ.
കായ്ക്കും മുമ്പെ
ചില്ലകൾ പൊതിഞ്ഞ് വെച്ചിടുന്നു
മധുരക്കിനാവിനെ
കിളികൾ
കൊത്തിയെടുക്കരുതല്ലോ
ചിറകുവിടർത്തും മുമ്പെ
തണൽ
കറുപ്പിട്ട് മൂടിയിരുന്നു
മരത്തെ
വെയിൽ
വന്നുണക്കരുതല്ലോ.



## കള്ളശയ്യ

ഡോണ മയൂര

കള്ളമേറ്റ്
മുറികൂടിയ മുറിവുകളെല്ലാം
ഉള്ളിൽ വ്യണങ്ങളായപ്പോൾ
കള്ളങ്ങളാൽ കൂർത്ത
ശയ്യയിൽ
നിന്നുമെണീറ്റോടി
പിടിച്ചുകെട്ടാൻ
വന്നവരെ വെട്ടിച്ച്
കുതറിയോടി.
എന്തിലും കല്ലിലും
തട്ടിവീണയിടങ്ങളിൽ
നിന്നെല്ലാം
അടർന്നുവീണതിൻ
ബാക്കിയുമെണീറ്റോടി
സ്നേഹം കൊണ്ടുമാത്രം
കെട്ടിപ്പിടിക്കാനും
എത്തിപ്പിടിക്കാനും
കെട്ടിയിടാനും
പറ്റുന്നൊരാളായിരുന്നു
എല്ലാമറിഞ്ഞു
സ്നേഹമെന്ന വാക്കും
സ്നേഹം മാത്രമറിഞ്ഞില്ല.

## ശ്വാസകോശം

ഗയ

മുറിയാകെയും നിറഞ്ഞ
അവന്റെ മണങ്ങൾ ആയിരുന്നു.
അതിന്നടുക്കുടച്ച്
വേർപെടുത്തി
പണ്ട് വായിച്ച പുസ്തകം കണ്ടെത്തി.
എല്ലാമണത്തെയും പുറത്താക്കി
ചുവരുകൾ, ജനലുകൾ കൊട്ടിയടച്ച്
എന്റെ പതിനാലാം വയസ്സിന്റെ
മണത്തെ ആഞ്ഞുവലിച്ച്
ശ്വാസകോശം മൂടുകയാണിപ്പോൾ.

## പാതിരാനടത്തം

വെളുത്തുവിരിയുന്ന ശരീരമാണല്ലോ
വിരിക്കും
വിയർപ്പിനും താഴെ
നീയുണക്കുന്ന ചെടികളുടേത്.
ഉറങ്ങുന്നവനെ വകഞ്ഞു വകഞ്ഞ്
എന്നിലേക്കു നടന്ന്
ഞാൻ
അമരപ്പൂവുകൾ
തൊടുന്നുവല്ലോ

## അയിത്തം

ജമാൽ മൂക്കുതല

കരിവെയിൽ കൊണ്ടൊരു
കാക്കയിപ്പോൾ പതിവിലും
കറുത്തുപോയെന്നൊരു
കൊക്ക് വിളിച്ച്കൂവുന്നത്
കൗതുകമല്ലാതെ മറ്റെന്താണ്
കർക്കിടകമഴ കൊതിൽപിന്നെ
കാക്കതൻ ശബ്ദം പതിവിലും
കടുത്തുപോകുന്നല്ലോയെന്ന്
കുയിലുവിളിച്ചുകൂവുന്നതും
കൗതുകമല്ലാത്ത മറ്റെന്താണ്
കാഴ്ചയിൽ കേൾവിയിൽ
അയിത്തം കരുപ്പിച്ചതിനൊക്കെയും
കാലമെത്ര കടന്നുപോയാലും
കടുത്തുപോകുന്നെന്നുള്ളൊരു പഴിയും
കാക്ക കുളിച്ചാൽ കൊക്കാകുമോ-
എന്ന മറ്റൊരു മൊഴിയും
കേൾക്കുമെന്നും.. എല്ലാകാലവും
ഏതു രാമരാജ്യം പിറന്നാലും.

## മുറിവുകൾ

ജിലു ജോസഫ്

കാറ്റേ
നീ വന്നൂയലാടിപ്പോയ
ചില്ലകൾ
ഏതോ ഓർമ്മയിൽ
ഇടയ്ക്കിടെ
നിറയെ ചൂടി
നിന്നെ
തിരികെ വിളിക്കുന്നുണ്ട്.

## മേഘങ്ങൾ

ജ്യോതി മാനുഷികം

രണ്ടുചുണ്ടുകൾ
കൂട്ടിമുട്ടുമ്പോൾ
അനശ്വരതയുടെ വിഹായസിൽ
കൊടുങ്കാറ്റുയരുമെങ്കിൽ
ഏകത്വത്തിന്റെ
കടലിലേക്ക് പെയ്തിറങ്ങുന്ന
മേഘങ്ങളാകാം.

# ഒരു ഡസ്ക്ക് പാട്ട്

**ഹരിശങ്കരനശോകൻ**

അന്തിമയങ്ങിക്കഴിഞ്ഞാൽ
ഷാപ്പിൽ
കള്ള് പുളിച്ചിടുംപോലെ
കാലം കഴിഞ്ഞങ്ങുപോയാൽ
പിന്നെ
പ്രേമം മൊരടിച്ച് തീരും
നേരം പിഴച്ച് കുടിച്ചാ-
ലത് മേപ്പോട്ടെടുക്കും
തികട്ടും
ചെത്തിയപാടെ കുടിക്കിൻ
ചെമ്മേ
മുണ്ടഴിച്ചാടി തിമിർക്കിൻ.



# ഫെലോപ്യൻ ട്യൂബ്

**ഹണി ഭാസ്കരൻ**

മഞ്ഞുവീണ വഴികളെ
തോളിലിട്ട്
ഒരുവളുടെ നിസ്സഹായത
നടന്നുപോകുന്നു.
ഇരുനിരയിലും കാടുകൾ
കെട്ടിപ്പിടിച്ച് പൊട്ടിച്ചിരിക്കുന്നു.
പാത തീരുന്നിടത്ത്
ഒറ്റയ്ക്കൊരു മരം മാത്രം
ചുമൽ കൂറ്റിയിരിക്കുന്നു.
വിളറിയ വിരൽത്തുമ്പുകൾക്കിടയിൽ
കഞ്ചാവടിച്ചപോലൊരു കവിത
ആടിനടക്കുന്നു.
മുഷിഞ്ഞ വിഭ്രമങ്ങളുടെ
തലപ്പത്ത് നിന്ന്
ചിന്തകളുടെ ബീജത്തെ
കണ്ടെടുക്കുന്നു.

# ബിനു എം. പള്ളിപ്പാടിന്

**എസ് കണ്ണൻ**

കവിത കേട്ട് പറഞ്ഞവൻ
ഉതിർകാലത്തിന്റെ കവിത
ഒന്നൊന്നിനെ കവരാനായി
ചുഴറ്റുമിരുകാറ്റുകൾ
എന്ന കവിത
പൊഴിക്കുന്നയിലകൾ
ഉതിരും കണ്ണിമാങ്ങകൾ
വേനലിൽ പൊട്ടിച്ചുവപ്പ്
തെറിക്കും ജാതിക്കകൾ
വേർപ്പിടും സായാഹ്നവും
കലർന്നോരിരുകാറ്റുകൾ
ചരൽക്കല്ലിൽ ലാടക്കാൽ
കുത്തിപ്പകച്ചോടീ
വേനൽമഴ
കുന്നുകളെത്തിയെത്തി
ക്കേറിപ്പോയ് മുഖംവാടി
യണയുന്ന വിളക്കുകൾ
വാനമേറത്തിങ്ങും മഞ്ഞിൽ
മയങ്ങുന്ന പർവ്വതങ്ങൾ
പെരുമ്പോത്തിന്റെ ശിരസുകൾ
വെളിച്ചത്തിന്റെ ഞെരമ്പുകൾ
ഇരുട്ടിൽ മിന്നൽക്കീറുകൾ
ചോട്ടിലാമരച്ചോട്ടിൽ
പൊങ്ങിയ വേരിൻ മൂട്ടിൽ
അനങ്ങുന്ന ഗ്രാമം കാണാം
കോടമഞ്ഞിന്റെ പള്ളയിൽ
തൊട്ടടുത്തുള്ള സ്വരംപോലും
പുറപ്പെട്ടു ദൂരെ പോയി
പിടിവിട്ടു താണുപോകുന്നിടം
കാത്തുനിന്നോരു കാറ്റുകൾ
പെരുന്തേനരയ്ക്കുന്നു
തൈമരങ്ങളരയുന്നു
ഇലകളാ വരൾക്കാറ്റിൽ
സമാശ്വസിക്കുന്നു.
ഉതിർകാലമെന്ന് നീ പറഞ്ഞത്
ഇവിടംകൊണ്ട് ഞാൻ നിർത്തില്ല
നിന്റെയടുത്തേക്കുള്ള
കുന്നറിഞ്ഞവഴി
കേറിത്തിരിഞ്ഞെത്തുമ്പോൾ
പൊള്ളയായ മലഞ്ചായൽ
എന്റെയുള്ളിലും നിന്ന്
പേരെടുത്ത് വിളിക്കുന്നു
കയ്യിൽ നിന്നൂർന്ന്പോയ
കാറ്റിന്റെ കറ്റകൾ

# ഹിപ്പോക്രൈറ്റ്

**ജയശങ്കർ എ.എസ്.**

ചൂടാറിപ്പോയ കട്ടൻ ചായയും
അഴിച്ചുവെച്ച
തേഞ്ഞുതീരാറായ
വള്ളിച്ചെരുപ്പും
പാതയോരത്തെ ചുവന്ന
വാകപ്പൂക്കളും
വെയിറ്റിംഗ് ഷെഡ്ഡിനടുത്തുള്ള
രക്തസാക്ഷിസ്തൂപവും
മാത്രമാണ്
നിന്നെ ഓർമ്മപ്പെടുത്തുന്നത്
ഞാൻ ജീവിച്ചിരിപ്പുണ്ടെന്നും

# പച്ചകുത്ത്

**കലാചന്ദ്രൻ**

1

ആയിരം
പൂർണ്ണചന്ദ്രൻമാരെ
കണ്ട്
മരിക്കുന്നു
നിങ്ങളാണുങ്ങൾ.
ഒരു പൂർണ്ണചന്ദ്രനെപ്പോലും
കാണാതെ
കാലുകൾക്കിടയിൽ
കണ്ണുകൊളുത്തിയിട്ട്
ഞങ്ങളതിനെ
സ്വപ്നം കാണുക മാത്രം

2

കടലിലേക്കിറങ്ങിപ്പോയ
ഒരുടൽ
പേരറിയാത്ത
മീനുമായി
ഇണ ചേരുന്നു.

അതേ നേരം
ഉപ്പുകുറുക്കുകയും
മീനുണക്കുകയും
വലക്കണ്ണികൾ
ചേർത്തുകെട്ടുകയും ചെയ്യുന്ന
അനേകമുടലുകൾ
നനഞ്ഞ മണലിൽ
അപ്രത്യക്ഷമാകുന്നു.



# ഭൂമിയിൽ നിന്ന് ജനിച്ചവർ

**ല്യാൽ വാട്സൺ**

**മൊഴിമാറ്റം: എസ്. ശാന്തി**

നാമീ ഭൂമിയിൽ വന്നു പിറന്നവരല്ല.
ചില്ലകളിൽ മുകുളങ്ങൾ വിരിയും പോലെയും
കൊക്കൂണുകളിൽ നിന്ന് പൂമ്പാറ്റകൾ
വിരിഞ്ഞിറങ്ങും പോലെയും
ഭൂമിയുടെയുള്ളിൽ നിന്ന് ജനിച്ചവരാണ് നമ്മൾ.

ഈ ഭൂമിയുടെ നൈസർഗ്ഗിക ഉൽപ്പന്നമാണ് നമ്മൾ.
നാം ബുദ്ധിയുള്ള ജീവികളായിട്ടുണ്ടങ്കിൽ
അത് ബുദ്ധിമതിയായ ഭൂമിയുടെ കായ്കനികളാണ്
നാമെന്നതുകൊണ്ടു മാത്രമാണ്.

ഈ ഭൂമിയെ പരിപോഷിക്കുന്നതാവട്ടെ
ഊർജ്ജത്തിന്റെ വിവേകപൂർണ്ണമായ ഒരു
വ്യവസ്ഥയാണ്.

*ഹീബ്രു കവിത*

# ജെറുസലേം

**യെഹുദാ അമിച്ചയ്**

*മൊഴിമാറ്റം:പത്മ*

പുരാതന നഗരത്തിലൊരു
മേൽക്കൂരയിൽ
വൈകുന്നേരവെയിലത്തു
തുണികളുണങ്ങുന്നു.

എന്റെ ശത്രുവായ പെണ്ണിന്റെ
വെളുത്ത ശീല,
എന്റെ ശത്രുവായ പുരുഷന്റെ
തൂവാല,
അയാളുടെ
നെറ്റിവിയർപ്പൊപ്പുവാനായുള്ളത്.

പുരാതന
നഗരത്തിന്റെയാകാശത്ത്
ഒരു പട്ടം.

നൂലിന്റെ അങ്ങേയറ്റത്ത് ഒരു
കുഞ്ഞ്,
ഈ മതിലിനാൽ എനിക്ക്
കാണാനാകുന്നില്ല.

നമ്മൾ അനേകം പതാകകൾ
നാട്ടി
നാം സന്തുഷ്ടരെന്ന് അവരെ
കാണിക്കുവാൻ
അവർ സന്തുഷ്ടരെന്ന് നമ്മെ
കാണിക്കുവാൻ.

*ഇന്ത്യൻകവിത*

# തുടുത്ത നീലപ്പക്ഷി

**കെ. ശ്രീലത**

*മൊഴിമാറ്റം:പത്മ*

വിദൂരവൃക്ഷത്തിൽനിന്ന്
വീട്ടിനകത്തേയ്ക്കെത്തും
തുടുത്തനീലപ്പക്ഷി
മടങ്ങുമ്പോളുള്ളിൽ
അതിൻ തുടുത്ത നീല.

നീല നിറം താഴെയിറ്റി
യാദ്യത്തെയൊറ്റവാക്ക്
ഓരോരോ വാക്കായി
ക്കവിതയുടെ മുഖമെടുക്കുന്നു.

അൽപം കഴിയുമ്പോഴേക്കും
നിലം തലകീഴുള്ളൊരു
നീലാകാശം.
കവിതയുടെ നിറം
എന്റെ മഷിപ്പേനയിലേക്കും
എഴുത്തുപുസ്തകത്തിലേക്കും
വഴി കണ്ടെത്തിയിരിക്കുന്നു.



# ഒളിവുകാലങ്ങളിൽ നിന്ന് ഒളിവുകാലങ്ങൾ വന്നുപോകുന്നു

ലതീഷ് മോഹൻ

## വസന്തം തുടങ്ങുന്നു

അടച്ചു തുറക്കുമ്പോൾ എല്ലായ്പ്പോഴും കൃത്യമായ സമയം കാണിക്കുന്ന ഈ കമ്പ്യൂട്ടർ ആരെയും ഭയപ്പെടുത്തേണ്ടതാണ്. ഒരേയളവിൽ ഒരേ കാര്യത്തെ കുറിച്ചു മാത്രം ചിന്തിച്ച് കഴിച്ചുകൂട്ടുന്നവ പലപ്പോഴും ഭയപ്പെടുത്തുന്ന പലതിനെയും കുറിച്ചുള്ള ഭയമാണ് എന്ന ആമുഖം അടച്ചു തുറക്കുമ്പോൾ എല്ലാവരുടെയും സമയം കാണിക്കുന്ന എല്ലാ ഉപകരണങ്ങളിലും ഉണ്ട് എന്നത് രാത്രിപോലെ അവ്യക്തമായി തുടരേണ്ട കാര്യമെന്താണ്?

ഇത്ര വിശാലമായ ഭാവനയുടെ സഹായത്തോടെ ജീവിച്ചിരിക്കുന്ന നമുക്കെല്ലാം നമ്മുടേതു മാത്രമായ സമയങ്ങൾ ഇല്ല എന്നത് ക്രൂരമാണ്. ഉത്സവപറമ്പുകളിൽ നിന്ന് വാങ്ങിയിരുന്ന കളിവാച്ചുകൾ നമ്മുടെ പലരുടെയും കുട്ടിക്കാലത്തെ മഞ്ഞയിലും കടുംപച്ചയിലും രസിപ്പിച്ചത് അത്രവേഗം മറക്കുന്നതെന്തിനാണ്? സുജാതയുടെ വാച്ചിൽ എല്ലായ്പ്പോഴും നാലരയായിരുന്നു. എന്റേതിൽ അർദ്ധരാത്രിയും. ഇരുസമാന്തര രേഖകൾ എന്നൊരിക്കലും ഞങ്ങൾക്ക് കള്ളം പറയേണ്ടി വന്നിരുന്നില്ല.

ബോംബെയിൽ നിന്നും റയ്ബാൻ ഗ്ലാസിലൊളിച്ചിരുന്ന് അവധിക്കാലങ്ങൾ സന്ദർശിച്ചു മടങ്ങുന്ന അമ്മാവൻമാരോ കഷണ്ടി കയറിയ മറ്റ് ബന്ധുക്കളോ അയൽവാസികളോ ഉണ്ടായിരുന്നിരിക്കണമല്ലോ നമുക്കെല്ലാം. അവരിലൊരാൾ ആദ്യമായി, സ്റ്റീലിന്റെ കെട്ടുവള്ളിയുള്ള ആ വാച്ച് കയ്യിൽ കെട്ടിത്തന്ന ദിവസം ഓർമയുണ്ടോ? കളിയിടങ്ങളിലേക്കും പൊന്തക്കാടുകളുടെ പിൻവശത്തേക്കും കൃത്യസമയമുള്ള കൈത്തണ്ടയുമായി നമ്മളിൽ നിന്നെല്ലാവരിൽ നിന്നും ഓടിയിറങ്ങിപ്പോയ സുജാതയെയും എന്നെയും ഓർമയുണ്ടോ? ആദ്യത്തെ ഒറ്റുകാർ അവരാണ്, സുജാതയും ഞാനും. അത്ര ഗൂഢമായ ഒരാലോചന. കൂട്ടുകാരെ കാട്ടി ആളായത് ഞങ്ങളാണ്. കൃത്യസമയത്ത് തിരിച്ചുപോകാൻ തിരുവല്ലയിലോ, ആലുവയിലോ കൊച്ചുവേളിയിലോ തീവണ്ടി കാത്തു നിൽക്കുന്ന ആ അമ്മാവൻ ഇല്ലാത്ത ഒന്നിന്റെ പേരിൽ അഹങ്കാരപ്പെടുവാൻ നടത്തുന്ന ദൈന്യശ്രമം, അന്നുമുതൽ നമ്മുടെയെല്ലാം കൈത്തണ്ടയിൽ.

ഉറക്കത്തിൽ നിന്ന് ഇടയ്ക്കിടയ്ക്ക് തലകുടയുന്നു. ഇല്ല ഇല്ല ഇല്ല ഉണരാതിരിക്കില്ല.

## വസന്തം

ഒളിച്ചിരുന്നാണ് ഇതെഴുതുന്നത്. രാത്രികളിലേക്ക് പകലുകളും പകലുകളിലേക്ക് രാത്രികളും വരുന്നു, പോകുന്നു. നിറയെ വള്ളിപ്പടർപ്പുകളുള്ള കുറ്റിക്കാടുകളിൽ നിന്നും അണ്ണാൻപൊത്തുകളിൽ നിന്നും ആത്മഹത്യാശ്രമങ്ങളിൽ നിന്നും വരുന്നു, പോകുന്നു. പെട്ടെന്ന് ഒരു മഴ ചാറുന്നു. ചെറുവെയിലില പൊഴിയുന്നു. നിന്നെ കാണാൻ തോന്നുന്നു എന്നെഴുതി വെയ്ക്കുന്നു. ഏത് സമയത്ത്, എവിടെ വരും എന്ന ചോദ്യത്തിന് പിറകിലൊളിക്കുന്നു. ഒളിച്ചിരുന്നാണ് നമ്മളെല്ലാവരും ഇതെഴുതുന്നത്.

ടെറസുകളിൽ ക്രിക്കറ്റ് കളിക്കുന്നവരെ നോക്കിയിരിക്കുന്നു. സായന്തനങ്ങളിൽ നമ്മുടെ ആകാശം. പെട്ടെന്ന് ആരിലോ പഴയ ഉത്സവപ്പറമ്പുകൾ ഉണരുന്നു. പട്ടച്ചാരായത്തിന്റെ രൂക്ഷഗന്ധമുള്ള പാതിരാത്രിയിൽ ഗാനമേള കേൾക്കാൻ കുന്തിച്ചിരുന്നവരിൽ നിന്നൊരാൾ എല്ലാവരെയും മറന്ന് കാലുകളിൽ നിന്ന് മുകളിലേക്ക് ഇളകുന്നു. ടെറസുകളുടെ വിശാലതയ്ക്കുമേലെ ഒരു പന്ത് പറന്നുപോകുന്നു. നമ്മുടെ സൂര്യൻ താണു താണു പോകുന്നു. കടലിലാരോ ഒരു പന്ത് തിരയുന്നു. പല നിറങ്ങളിൽ ഉലയുന്നു നിന്റെ പാവാട. പഴയ മുറികളിൽ നിന്നിഴഞ്ഞിറങ്ങി വരുന്നു ടാറുപാകിയ നിരത്തുകളിലേക്ക് പല്ലികൾ, പഴുതാരകൾ, കാട്ടുപൂവിൻ പാട്ടുകൾ. നമ്മളെ മണത്തുനോക്കുന്നു. നമ്മളിൽ നിന്ന് നമ്മളിലേക്ക് വരുന്നു, പോകുന്നു.

എല്ലാം ശരിയാകുമെന്ന് തോന്നിത്തുടങ്ങുന്നു. നിന്നെ കാണാൻ തോന്നുന്നു. നീ, മറ്റൊരു കാലം. ചലിക്കാത്ത രഹസ്യം. ആരിലും ഒരിക്കലും വളർന്നിട്ടേയില്ലാത്ത ആറ്റിറമ്പിന്റെ നീല, നിന്നെ കാണാൻ തോന്നുന്നു. നിന്നിലൂടെ കാണാൻ തോന്നുന്നു.

രോമാഞ്ചം തുടങ്ങുന്നു.

## വസന്തത്തിന് ദേഷ്യം വരുന്നു

ജനലിലൂടെ നോക്കുമ്പോൾ, ദൂരെയേതോ കുന്ന്, രാത്രിയിൽ തീ പിടിച്ച ശരീരവുമായി കുതറിയോടുന്നു. അടഞ്ഞു കിടക്കുന്ന മേൽക്കൂര തുറന്നു നോക്കുമ്പോൾ കാറ്റിനൊപ്പം ചിറകിളക്കുന്ന പരുന്തുകൾ. കാറ്റ് വെള്ളം പോലെ നിറയുന്നു. മുറി ഒഴുകി നീങ്ങുന്നു. നീന്തൽ പഠിക്കുന്നു. വേരുകളിലൊരു പന്ത് തടയുന്നു.

ഇത്ര തിരക്കിട്ട് ഏത് യുദ്ധത്തിലേക്കാണ് എന്ന ചോദ്യം എത്രകാലമായി ചോദിക്കുന്നു. മറ്റെന്തെങ്കിലും ചെയ്തുകൂടേ എന്നു ചോദിക്കുന്നു. ഉള്ളിലെ പക്ഷി ചിറകു ചിക്കുന്നു. തിരിഞ്ഞും മറിഞ്ഞും നോക്കുന്നു. വെയിലിലകൾ പെറുക്കിക്കൂട്ടി അനേകായിരം മഞ്ഞപ്പാവാടകൾ കുന്നിൻമുകളിലൂടെ നടന്നുപോകുന്നു.

പഴയ വാച്ചുകൾ അഴിച്ചു നന്നാക്കുന്ന കടയടച്ച് സുജാതയും ഞാനും ഞങ്ങളിലേക്ക് മടങ്ങുന്നു.

## വസന്തം പെൻഷനാവുമ്പോൾ

**നിരഞ്ജൻ ടി.ജി.**

എഴുപതുകളുടെ ഓർമ്മകൾ
മറുക്കിച്ചുവപ്പിച്ച്
കോലായിൽ നിന്നൊന്ന്
നീട്ടിത്തുപ്പി
ചാരുകസേരമജൂംദാർ
തളിർത്ത യൗവ്വനപ്പച്ചകൾ
രോഷത്തിന്റെ ചുണ്ണാമ്പുനീറ്റം
ഇടയ്ക്ക് ലഹരിയുടെ
പുകയിലത്തുണ്ടുകൾ
അന്നും
കറുത്തവർ കളിയടക്കകൾ
കഠിന ശരീരങ്ങളിൽ നിന്നും
ചുവപ്പിറ്റിച്ചുതന്നവർ

## ഓർമ്മ

**മഹമൂദ് മൂടാടി**

അകത്ത് പെയ്ത മഴയിൽ
ഓർമ്മ നനഞ്ഞ് കണ്ണീരായി

## പുഴയിലേക്ക് നടന്നുപോയ മത്സ്യക്കുഞ്ഞുങ്ങൾ

**കെ.പി. നൗഷാദ്**

നീന്താനറിയാഞ്ഞിട്ടല്ല
ഭയം കൊണ്ടുമല്ല
ഇങ്ങനെ ഇഴഞ്ഞിഴഞ്ഞ്
നടന്നുനീങ്ങുന്നത്.

തിളപ്പിച്ചുവറ്റിച്ചെടുത്ത
ചുടുകലം പോലെ
പാൽ ഞരമ്പുകൾ വറ്റിപ്പോയ
മുലക്കാമ്പ് കണക്കെ
ഇനി ഓർത്തെടുക്കാൻ മാത്രം
ബാക്കിയായ തെളിനീരൊഴുക്ക്.
പറഞ്ഞു കേട്ടിട്ടുണ്ട്-
പൂർവ്വികർ പുളച്ചുമറിഞ്ഞത്
കൂട്ടംകൂടി ആർത്തുല്ലസിച്ചത്
ചൂണ്ടയിൽ കുരുങ്ങി
ചിലർ പിടഞ്ഞുവീണത്
ബാക്കിയായവർ പെറ്റുപെരുകിയത്...
ഇപ്പോൾ കരളുണങ്ങുന്ന
ചുട്ടുപഴുത്ത മരുപ്പറമ്പിൽ
കുലംബാക്കിയാവുമെന്ന്
ഇനിയെന്താണുറപ്പ്.....?



## തിരിച്ചറിവ്

**മീരാകൃഷ്ണൻ**

മിഴിയഴകുകളിലും
അകമുറിവുകളിലും
നിന്നെത്തേടി വരില്ലെന്ന
തിരിച്ചറിവാണ്
എന്റെ കവിത
രാത്രിയുടെ യാമങ്ങൾ
നിലാവിനെ വിഴുങ്ങി
പകലുതുപ്പുമ്പോൾ
കഴുകിമിനുക്കിയ
ഇടനാഴിയുടെ
ഇടുങ്ങിയ ചുറ്റിനുള്ളിലൂടെ
കടന്നു നീ
അടുത്ത ചുരം
പകുതിയിലേറെ
താണ്ടിയിട്ടുണ്ടാവും
അപ്പോൾ
തിരിച്ചറിവിൽ നിന്ന്
തലോടലേൽക്കാതെ
പറന്നുവന്ന
ഒരു ചിത്രശലഭത്തെ
അതിന്റെ ചിറകിലെ
പുതിയ നിറങ്ങൾ പറയാൻ
പഠിപ്പിക്കുകയാകും ഞാൻ.

## പൊറോട്ട

**മനോജ് കട്ടാമ്പള്ളി**

ഹാപ്പി എന്ന
ഹോട്ടലിൽവച്ച്
കിട്ടിയ
ഈ പൊറോട്ട
പ്രണയം നടിച്ച്
ചതിക്കപ്പെട്ട
ലോട്ടറിവിൽപ്പനക്കാരിയായ
പെൺകുട്ടിയെ ഓർമ്മിപ്പിക്കുന്നു
ന്യായീകരണത്തിന്റെ
എത്രമസാലപുരട്ടിയിട്ടും
രസത്തോടെ
കഴിക്കാനാവാത്ത
ഒരു പൊറോട്ടയുടെ
എച്ചിൽ കഷ്ണവുമായി
ഞാൻ ഇരുട്ടിലാകുന്നു.

## കർക്കിടകമഴ

**മൃദുലാദേവി**

കർക്കിടകത്തിലാണച്ഛനമ്മേ
വിട്ടിട്ടുപോയത്.
കൈതക്കാടുവഴി
ടോർച്ചും തെളിച്ച്
മുണ്ടിന്റെ കോന്തലേം കൈയിലുയർത്തി
ഖസാക്കിലെ രവിയേപ്പോലൊരു പോക്ക്

നാളിതുവരെ പിന്നെ നാരങ്ങാമുട്ടായി തിന്നിട്ടില്ല.
തിന്നുമ്പോ തിക്കുമുട്ടിയാലോന്നോർത്താ...

കർക്കിടകം കഴിഞ്ഞിട്ടും
പഞ്ഞം പോകാത്തതച്ഛനില്ലാഞ്ഞിട്ടാന്നമ്മ..
എന്നാപ്പിന്നെ വഴക്കുപിടിച്ചതെന്തിനെന്നുചോദിച്ചപ്പോ
ഞാനോർത്തോ പിണങ്ങുമെന്നിങ്ങോട്ടു മറുചോദ്യം....

ഇന്നലെ പാമ്പുകടിച്ചെന്നാരോ പറഞ്ഞു
പോണേനുംമുമ്പേ സുജാതേന്നുവിളിച്ചെന്നും
പറഞ്ഞാണിപ്പം കരച്ചില്....

കർക്കിടകമഴ പെയ്യുന്നു
മുറ്റം നനയ്ക്കുന്നു
തോരാമഴ പെയ്യിച്ചമ്മ
വീടിനേം...

## (ക)വിത

മധു ആലപ്പടമ്പ്

### കൃഷി വകുപ്പ്

ഫയലിൽ വയൽ
വയലിൽ കമിഴ്ന്ന കുന്ന്

### മഴക്കച്ചേരി

വയലിൽ വയലിൻ വായിപ്പു
വെളുക്കും വരെ തവളകൾ

## തെറി

മനു മാധവൻ

കുന്നിനുമുകളിൽ
ഒരു കടലിനെ
ഒറ്റക്കൊത്തിന്
നട്ടുവളർത്തിയ
ഒറ്റതിരിഞ്ഞവരോട്
കൺകരുവന്നാൽ
കായലുവെള്ളം
കുടിച്ചുടയ്ക്കാൻ
പറയരുത്.

## ശംഖുകൾ

മുജീബ് മുഹമ്മദ്

കടലാണ് മുന്നിൽ
കടലാസിലെ കടൽ
കടലാസുകൾ കടലാസുകപ്പലുകൾ
മീനുകൾ
ചെതുമ്പലും മുള്ളുകളും മാത്രമുള്ളവ
ശംഖുകൾ, ഇടംപിരിശംഖുകൾ
വലംവിരിശംഖുകൾ
ടെലിഷോപ്പിംഗുകൾ കൊണ്ടുപോയി



പ്രഭാ സക്കറിയാസ്

## ചെറിയ സന്തോഷങ്ങളുടെ രാത്രി

കാൽ തട്ടിയാൽ നിരങ്ങിനീങ്ങുന്ന
കിലുക്കങ്ങൾ,
കസേരകളിൽ നിന്നും
പുറപ്പെട്ടുപോകുന്ന പന്തുകൾ,
ഭക്ഷണം കഴിച്ചതിന്റെ അടയാളങ്ങൾ,
ചുരുണ്ടുകൂടിയ പുതപ്പുകൾ,
നടന്നുതീരാത്ത ചെരിപ്പുകൾ,
തളർന്നുറങ്ങുന്ന മനുഷ്യർ...
ഉണരുമ്പോൾ തനിച്ചല്ല എന്ന
വിശ്വാസം

## ആകാശം മുറിച്ചുകടന്ന കഴുത

ഒരു രാവിരുട്ടിവെളുത്തപ്പോഴാണ്
വൃദ്ധയായത്.
മുടി നരച്ചത്.
തൊലി ചുളിഞ്ഞത്.
ശരീരം അനുവാദം ചോദിച്ചല്ല.
ഒരു മുതുക്ക് മണം പടർന്നു.
ജീവന്റെയും മരണത്തിന്റെയും
ആകാശം മുറിച്ചുകടന്നുപോകുന്ന
ഒരു നൂൽപ്പാലത്തിൽ കയറിനിന്നു.
ഞാൻ ചുമക്കുമെന്ന്
എനിക്കുറപ്പില്ലാഞ്ഞ ഭാരമാ-
ണെന്നെ വീഴാതെ നിറുത്തിയത്.

## യുദ്ധമൊരുക്കം

കഫം കാർപ്പിക്കു-
ന്നാഞ്ഞാഞ്ഞുതുപ്പുന്നു,
പടച്ചട്ട തുടച്ചിട്ട്
മുറുക്കിക്കെട്ടുന്നു.
തോറ്റതുകൾക്ക് കോട്ടുവാ കൊട്ടുന്നു
ഉറക്കമെളയ്ക്കാൻ കാപ്പി കുറുക്കുന്നു
പറത്തുന്നു ജീവനെ
പിരിക്കുന്നുടുപ്പുവക്ക്-
പിടയ്ക്കുന്നയുള്ളം
പശപ്പുള്ള ചോര.
വാലിൽ നൂൽ കെട്ടി-
പ്പറക്കയിൽ
വലിച്ചുവീഴ്ത്തുന്നു,
നൂലുവാലും വാലുനൂല്
നീളെ നാളെ
നാളെ നീളെ



## ധ്യാനജാഗരം

പ്രസവിക്കാറായ ഒരു
പെണ്ണിന്റെയത്ര സൂക്ഷ്മത
മറ്റാർക്കുമില്ല.
ഓരോരോന്നിലും ജാഗ്രതയാണ്.
വെള്ളമുണ്ട് കീറുന്ന ഒച്ച
വക്ക് മടക്കി ഓരോ
ചെറുതുന്നലും
കഴുകിമടക്കി വയ്ക്കുന്ന ഓരോരോന്ന്
അടുക്കിക്കെട്ടി ഒരുക്കുന്ന സഞ്ചി
തൊട്ടിൽപ്പരുവത്തിൽ
കുഴയുള്ള മുറിയുടെ മൂല

ഒന്നും വിട്ടുപോകാതെ
പൂരിപ്പിച്ച്
പരീക്ഷയ്ക്കൊരുങ്ങുന്നു.

പാട്ട് കേൾക്കുമ്പോൾ നീയും
കേൾക്കുന്നോ എന്ന്
മിണ്ടുമ്പോൾ നീ മറുപടി
പറയുന്നോയെന്ന്
ഉണ്ണുമ്പോൾ ഉണ്ണിവയർ
നിറയുന്നുവോയെന്ന്
നടക്കുമ്പോൾ നീ
ചിരിക്കുന്നുവോയെന്ന്
ഇളവെയിലിൽ നിന്റെ
കണ്ണുചിമ്മുന്നുവോ എന്നും
ഇങ്ങനെയൊക്കെ
ഒന്നിനെത്തന്നെ
നിനച്ചിരിക്കുമോ വല്ലവരും?

# ഏകാന്തത എന്നവാക്കിനേക്കാൾ ആ വാക്കിനു മറ്റേതുവാക്കാണ് യോജിക്കുക

**രോഷ്നി സ്വപ്ന**

ഒരു സുഗന്ധത്തെക്കുറിച്ച്
എഴുതുമ്പോൾ
ആ ഓർമ്മ മറ്റൊരു സുഗന്ധം
മറന്നുപോകുന്നു എന്നതുകൊണ്ടാണ്
ഓർമ്മ ഇത്രമേൽ സുതാര്യമായത്
മറവിയെ ഒരു ചില്ലുകൊണ്ട്
കീറിയാൽ
നാം രണ്ട് തരികളിൽ പിടിച്ച്
തൂങ്ങിക്കിടക്കും.
താഴെ ആളിക്കത്തുന്ന
തീയാണെങ്കിലും നമ്മൾ
പരസ്പരം പുഞ്ചിരിക്കും
ആത്മാവ്
തൊങ്ങലുകൾ തൂക്കിയിട്ട
മരണത്തെനോക്കി
സന്തോഷിക്കുമ്പോൾ
നീ വെളിച്ചമാണെന്ന് ഞാനും
ഞാൻ വെയിലാണെന്ന് നീയും
പരസ്പരം
വെളിപ്പെട്ടുകൊണ്ടിരിക്കും.

# പ്രാവ്

**എം.പി. പ്രതീഷ്**

ഞാൻ ജനാലകൾ തുടച്ചുകൊണ്ടിരിക്കെ, വെള്ളം കുടിച്ച തുണി ചില്ലിൽ നീങ്ങിക്കൊണ്ടിരിക്കെ, പുറത്തെ ആകാശം പ്രകാശത്താൽ നിറഞ്ഞു. നോക്കുമ്പോൾ പ്രാവുകളുടെ ഒരു കൂട്ടം എന്റെ മുറിക്കുനേരെ. ഞാൻ ജനാലകൾ തുറന്നിട്ടു. കാറ്റിൽ പ്രാവുകളുടെ മണം. അവയുടെ നിഴൽ എന്റെ ദേഹത്ത്. മുറിക്കുള്ളിലവ ചിറകടിച്ചു. അവ നിറഞ്ഞ് മുറിക്കകത്തെ എന്റെ ജന്മം തുളുമ്പിപ്പോവുന്നു. എന്റെ പുസ്തക ഷെൽഫ്, കണ്ണാടി, കുപ്പായത്തട്ട്, ഫോൺ, കൂജയിലെ വെള്ളം എല്ലാം കുറുകലിൽ പെട്ട് മാഞ്ഞു. എന്റെ അടിവയറ്റിലെ കുഞ്ഞ് പ്രാവിനെ തൊടാൻ വിരലുകൾ നീട്ടി. മുലകൾ ചുരന്ന് ഞാൻ വെളുത്തു. വെളുപ്പിൽ പ്രാവിൻകൂട്ടം മുങ്ങിമായുന്നു. വീടുമായുന്നു. എന്റെ ഉടലുമായുന്നു. ഞാൻ മാഞ്ഞിട്ടും മായാതെ അവിടെത്തന്നെ തങ്ങുന്നു. കുറുകുന്നു.



# പ്രായം

**റസാക്ക് എടവനക്കാട്**

ചിലമരണങ്ങൾ
ദൈവത്തോടടുപ്പം കൂട്ടുന്നു
ഒരു പുലരിയെനിക്കധികമേകിയതിന്
ദൈവത്തിന്ന് നന്ദി ചൊല്ലുന്നു.

## പെയ്ത്

**രമേഷ് വട്ടിങ്ങാവിൽ**

പുഴ നഷ്ടപ്പെട്ട തോണിക്കാരൻ
പ്രണയം മങ്ങിയ ആകാശത്തിലെ
നനവൊപ്പിയെടുക്കാൻ
വാക്കുകൾ തേടുകയായിരുന്നു.

വികാരങ്ങൾ വറ്റി
മങ്ങിപ്പോയ വഴികളിൽ
കാലത്തിന്റെ ദൂരം
അളന്നെടുക്കുമ്പോഴും
നനഞ്ഞ വാക്കുകളിൽ
വായിച്ചെടുക്കാനായത്
ഒരൊറ്റ മേഘത്തിന്റെ
മനസ്സായിരുന്നു.
അലിഞ്ഞുവീണ് കുന്നിറങ്ങി
പുഴ നിറയുന്ന ഒരു മനസ്സ്
നിറം മങ്ങിയ തൂവൽപോലെ
തരിശിടങ്ങളിലിപ്പോഴും
കാത്തുകിടക്കുന്നുണ്ട്
സ്വപ്നങ്ങളുടെ ഹൃദയപ്പകർച്ച.

## രണ്ട് കവിതകൾ

**രഗിലാ സജി**

1
മുറ്റത്ത് ചിറകറ്റ്
വീണു കിടക്കുന്നു
ഒരു പക്ഷി

പക്ഷിയുടെ കൊക്കിനിടയിൽ
ബോധി വൃക്ഷത്തിന്റെ
വിത്ത്

മുറിക്കുള്ളിൽ
ഖനനം ചെയ്തെടുത്ത്
സൂക്ഷിച്ച
ഓർമ്മയുടെ കഷ്ണം
പുറത്തേക്കോടി
പക്ഷിയെ തൊടുന്നു
വീട് ധ്യാനപ്പെടുന്നു.

2
കാറ്റിലുലയുന്ന ഒരു മരം
ആകാശം അളന്നെടുക്കുന്ന
ഒരു പക്ഷി

ഞാൻ കണ്ണുകളടച്ചു
ബുദ്ധനെ സ്മരിച്ചു
അന്ന് പുലർച്ചെ കണ്ട
സ്വപ്നത്തിലെ ചിലന്തി
പൊട്ടിയ വല വീണ്ടും
വീണ്ടും നെയ്തെടുക്കുന്നു.

## പച്ചിലകൾ

**സഞ്ജയ് ഗസൽ**

പഴുത്തിലക്കൊപ്പം
ഞാനുമുണ്ടായിരുന്നു
നിലംതൊടുംമുമ്പ്
അന്നാദ്യമായിക്കണ്ടു
എല്ലാരുടെയും
മുഖത്ത്
എന്തൊരു ചിരി



## മടിക്കോന്തല

രമേഷ് സി.പി.

പച്ചപ്പാടം
മയങ്ങിപ്പരന്ന
നട്ടുച്ച

നടുക്ക്
നീരോലിവേലിയിൽ വളഞ്ഞ
മൺകുടിൽ
കിഴക്കുമാറി നാഗത്തറ
തെക്ക് മുളങ്കാട്
വടക്ക് കാഞ്ഞിരക്കയ്പ്പ്
കരിമ്പാറ പടിഞ്ഞാറ്
കറുത്തുനീലിച്ച
മഷിക്കായകൾപൂത്ത
നട്ടുച്ചയിൽ പടർന്നുമയങ്ങും
പച്ചപ്പാടം
നീരോലിവേലിയിൽ
വളഞ്ഞുപരന്ന
ചാണകം മെഴുകിയ
മൺകുടിൽ

വിളക്ക് കൊളുത്തിയ
സന്ധ്യ:

അറുപതിന്റെ
ചുറുചുറുക്കിലൊരു
ലക്ഷ്മിയേടത്തി.
ഇടവപ്പാതികൾ പുതഞ്ഞുപോയ
മീനച്ചൂടുപോൽ
ചുമന്ന കാന്താരിമുലകൾ
വെറ്റിലമുറുക്ക്
ചതഞ്ഞുമുറുകിയ
അടയ്ക്കാപ്പല്ലുകൾ
കള്ളിമുൾപ്പടർപ്പിനും
കൈതക്കാടിനുമിടയിൽ
രാവുകനത്തൊരിടവഴിപോൽ
കടുകെണ്ണ മണക്കുന്ന തുടകൾ
മൺതവളക്കണ്ണുകൾ..

മുരണ്ടുമുരണ്ട് മണ്ണട്ടകൾ
കാഞ്ഞിരക്കയ്പ്പിലും
ചാണകക്കുടിലിലും
കനത്ത രാത്രി:

ഇരുട്ട്

ചത്തയനക്കങ്ങൾ
അരിച്ചിറങ്ങി മോങ്ങും
തുള്ളൽപ്പാട്ടിൽ
കടുകെണ്ണമണം
ഇല്ലിപ്പടിയിലടിച്ചുപൊട്ടിച്ച്

ഒടിയൻ:

കരിമ്പാറപ്പതറലുകൾ
സർപ്പച്ചീറ്റലുകൾ
മുളഞരക്കങ്ങൾ

## ആറ്റംബോംബ്

സോവി

എന്റെ
ആറ്റങ്ങളും തൻമാത്രകളും
നിറഞ്ഞ ആദ്യത്തെ പരീക്ഷണമിസൈൽ
നിന്റെ ഇടവകയിലേക്ക് വിക്ഷേപിക്കുമ്പോൾ
ഞാൻ ഓർത്തതേയില്ല
നമ്മുടെ തലമുറകളെ



അലറിമോങ്ങിപ്പട്ടികൾ
ചതഞ്ഞ മണ്ണട്ടകൾ
ആവികൾപാറിക്കെടുന്ന
മണ്ണെണ്ണനാളം

ഒട്ടിയമുടികൾ
കുഴിഞ്ഞ മുലകൾ
അഴിച്ചുകശക്കിയ തുടകൾ
ഉന്തിയ കണ്ണുകൾ

പൊട്ടിയസൂര്യനിൽ
ഒലിച്ചുവറ്റിയ ചോപ്പിൽ
പള്ളപൊട്ടിപ്പടർന്നുചത്ത
അറുപതിന്റെ റാണി..

## ഒറ്റക്കട്ട

എം.ആർ. രേണുകുമാർ

ഓടിക്കളിച്ചമണ്ണിൽ
ഒരു വീടുണ്ടാക്കണം
മൂന്നുമുറികളും
അടുക്കളയും തിണ്ണയുമുള്ള
ഓടിട്ട ഒരു വീട്.
ചുമരുകൾ
ഒറ്റക്കട്ടയ്ക്ക് കെട്ടണം
ചാന്തിന് കുമ്മായം മതി
തിണ്ണയിലിരുന്ന് നോക്കിയാൽ
പാടത്തിനപ്പുറം
തോട്ടിലൂടെ പടിഞ്ഞാട്ട്
ബോട്ട്പോകുന്നത് കാണണം
തേങ്ങയും ഓലയും വീണ്
ഓടുപൊട്ടാതിരിക്കാൻ
കൊന്നത്തെങ്ങിൻ തലപ്പിനെ
കമ്പിവടംകൊണ്ട്
തെക്കോട്ട് വലിച്ച് കെട്ടണം.
തേക്കാത്ത ഭിത്തികൾ
തേക്കുന്നതും
ജനലുകൾക്ക് പാളികൾ
പണിയുന്നതുമോർത്ത്
മുറ്റത്തെ അലക്കുകല്ലിൽ
തലപുകച്ചിരിക്കണം
എന്റെ മുറിയിൽ
പലക പാകിയ
കട്ടിൽ പണിതിടണം
അമ്മയുടെ മുറിയിലും
അച്ഛന്റെ മുറിയിലും
കയറ്റുകട്ടിലുകൾ മതി.
എന്റെ കട്ടിലിൽ
ഞാൻ കിടക്കുമായിരിക്കും
അമ്മയുടെയുമപ്പന്റെയും
കട്ടിലുകളിൽ
അവരിനി കിടക്കില്ലല്ലോ
എങ്കിലും
അവർക്കുള്ള
ഇടം ഒഴിച്ചിടണം.



## നിശ്ചലതയുടെ താരാട്ട്

രാജേഷ് ചിത്തിര

നിശ്ചലത
നിറയെ പൂക്കളുള്ള
മരത്തിൽ കൂടുകെട്ടുന്നു.
നിശ്ചലത
കണ്ണുകളെ ആ മരത്തിൽ
കാവൽ നിർത്തുന്നു.
നിശ്ചലത
വാക്കുകളെ മുറിഞ്ഞ
അപ്പത്തിന്റെ കഷ്ണങ്ങളെന്ന്
ചേർത്തുവെയ്ക്കുന്നു.
നിശ്ചലത
എല്ലാശബ്ദങ്ങളുടെയും
ഗർഭപാത്രമാവുന്നു
അതിന്റെ താരാട്ടുപാട്ടിനെ
ഓർമ്മിപ്പിക്കുന്നു
വീണു കിടക്കുന്ന
ഒരില.

## എത്രകാത്തുവെച്ചാലും ചിലത്

സുബിൻ അമ്പിത്തറയിൽ

വൈദ്യുതിപാഴാക്കാതെ
സംഭരിച്ച്
വെക്കുന്നതിനെപ്പറ്റി
അറിഞ്ഞ അന്ന്
അൽപം പകലിനെ
ആരുമറിയാതെ
ഒരു മുറിക്കകത്ത്
പൂട്ടിയിട്ടു.
ഇടയ്ക്കിടെ പോയി
കതകിന്റെ വിടവിലൂടെ
ഒളിഞ്ഞ്നോക്കി
രക്ഷപ്പെടാനാവാതെ
അവിടെത്തന്നെ കിടക്കുന്നതും കണ്ടു
വൈകുന്നേരം
തുറന്ന് വിടുമ്പോതുള്ളിക്കളിച്ച് നടക്കുവാരിക്കും
കറണ്ടില്ലാത്ത
വീട്ടിലെ വെട്ടം കണ്ട്
അയലോക്കംകാര് ഞെട്ടണം
രാത്രിയുടെ കുട്ടകളി
ഇന്നത്തോടെ തീരും
നാലുനാലരമണിക്ക്
പഞ്ചാരയില്ലാത്ത
കട്ടൻകാപ്പി കുടിക്കുമ്പോ,
ഒന്നൂടെ ചെന്ന് നോക്കി
ആളകത്ത് തന്നെയുണ്ട്,
തട്ടുകേടൊന്നുമില്ല.
ആറുമണിക്ക്
മുമ്പേതന്നെ
മുറ്റത്തെ ചീവിടെല്ലാംകൂടെ
കൂവിവിളിച്ച്
രാത്രിയെ എഴുന്നള്ളിച്ചോണ്ട് വന്നു
ഞാനോടിപ്പോയി
മുറിതുറന്നതും
എന്റെ പകലേ ന്നൊരു
നെലവിളി
എന്നോടുപോലും ചോദിക്കാതെ
എന്റെ അകത്തൂന്നിറങ്ങി
എങ്ങോട്ടോ പാഞ്ഞുപോയി
ഞാൻ സംഭരിച്ച് വെച്ച
പകലിനെ തിന്ന് തീർന്നേച്ച്
ആണ്ടേ
കട്ടിലിൽ കിടന്നിളിക്കുന്നു
രാത്രി

## മൂന്ന് കവിതകൾ

സന്തോഷ് കോടനാട്

### കടൽ

നീലയിലല്ലാതെ
കണ്ടിട്ടേയില്ല
അവളെയിന്നോളം
അത്രമേൽ
ആഴമേറിയ പ്രണയത്തെ
വരയ്ക്കാനാവുമോ
ഭൂമിയിലെ മുഴുവൻ
കവിതയാൽ.

### കോൺഡം

പൊട്ടിത്തെറിക്കാൻ വെമ്പും
ഉടലോടെ
കമിതാക്കളാം രണ്ടു
ചാവേറുകൾ,
ഒളിയിടങ്ങളിൽ നിന്ന്
എഴുതിത്തീർത്ത
അവിശ്വാസം എന്ന
പുസ്തകത്തിന്റെ
ചുളിവുകൾ വീണ
പുറംചട്ട.


### ചിലപ്പോൾ

കഴുത്തറ്റം
രാത്രിയാണെങ്കിലും
ചില്ലയിലേന്തും
പച്ചക്കുടങ്ങളിൽ
തുള്ളിത്തുളുമ്പും
നിലാവെ,
നിനക്കെന്തുഭംഗി.

## റെയിൻകോട്ട്

**ശ്രീകുമാർ കരിയാട്**

മഴയത്ത്
നടന്നു നീങ്ങുന്ന
ഇരുണ്ട നിഴൽ
പിഴിഞ്ഞു കുടയുമ്പോൾ റെയിൻകോട്ട്.



## പോസ്റ്റ്മോർട്ടം റിപ്പോർട്ട്

**ശ്രീജിത്ത് അരിയല്ലൂർ**

ബോബനെ ബ്രില്യന്റ്സിലും
മോളിയെ റെയ്സിലും
അടച്ചിട്ടതുകണ്ടാണ്
ടോംസ് ഹൃദയം പൊട്ടി മരിച്ചത്

## കവിത

**സുനിത മധു**

കയ്യിലുള്ളത് കനകമല്ല
കട്ടചെമ്പെന്നറിഞ്ഞിട്ടും
മിനുക്കി നോക്കുന്നു
കാമിനിയവൾ
കനക മായാലോന്ന്.

## പെൺവാർത്തകൾ

**സംപ്രീത**

ഇതെന്തെന്ന് എറിച്ചുനിൽക്കുന്ന
അതിന്റെ ഒച്ചയിൽ
കിതച്ചുകൊണ്ട് വായിക്കുന്നു.
അസഹ്യമായ ഒന്നിനെ
അടയ്ക്കാനോ തുറക്കാനോ
വരികളിലിറങ്ങിയിറങ്ങി
ആലോചിച്ചെടുത്ത്,
ഭാവനകളെല്ലാം ചേർത്ത്,
ഇണക്കിനോക്കിവായിക്കുന്നു.
എന്തിനും കെൽപുള്ള
കരച്ചിലടക്കി
അവയെവിടെനിന്നുവന്നുവെന്നു
നിശബ്ദമായി അറിയുന്നു.
വലിച്ചെറിയപ്പെട്ട കരുതലുകളുടെ
ശവമായി
ഇരുളിൽ തള്ളിയ വഴികളിൽ നിന്ന്
അത് നിങ്ങളിലേക്ക് വരുന്നുണ്ട്.
അർത്ഥമില്ലാത്തൊരു പെൺപേരിന്റെ
കരുതലുകൾ
നിങ്ങളുടെ മക്കളെയേൽപിക്കാൻ
എന്തിനും കെൽപുള്ള ചിരിയടക്കി
അതെവിടെനിന്നിരുന്നുവെന്ന്
നിങ്ങൾക്കറിയാം.
നന്നായടച്ചുപൂട്ടാമെന്ന്
നിങ്ങൾകരുതിയ
ഭൂമിയുടെ തുറസ്സിൽനിന്ന്
അതുവരുന്നു.
തുറക്കാതെയിരുന്നതെല്ലാം
ഒറ്റത്തുറവിയിലുടയ്ക്കുവാൻ
നിങ്ങളെ മെതിച്ചുകൊണ്ട്
എന്തിനും കെൽപുള്ള കോപമാക്കി
അതെവിടെ നിൽക്കുന്നുവെന്ന്
ഇപ്പോഴറിയാം
ഉടൽവെട്ടുകൾക്കിടയിൽ
ഉടലളവു നോക്കിയ
നിങ്ങളുടെ
ആൺപെൺമനസിനു– കൾക്ക്
നിങ്ങൾമടങ്ങിപ്പോന്ന,
കഴിഞ്ഞ, ഏകാന്തതയിൽ നിന്ന്
സ്വയമരണത്തിന്റെ വിജനതയിൽ നിന്ന്
നിങ്ങളുടെ കെട്ടമാനങ്ങളെ
അവൾ വലിച്ചുപറിക്കും.
ആകാശത്തുഞ്ചത്തും
മണ്ണടരുകളിലും ഉറപ്പിച്ചെന്ന്
നിങ്ങൾകരുതിയ കാലുകളെല്ലാം
നിലയില്ലാതാകും.




# ലിറ്റിൽ മാസിക 25-ാം വർഷത്തിലേക്ക്..

*1992 ലാണ് മാസിക ആരംഭിച്ചത്.അധികമാരാലും
അറിയപ്പെടാതെ
അതീവ സൗമ്യമായി
25 വർഷം നിലനിന്നു.മാസികയെക്കുറിച്ച്
പലരും ചോദിച്ച ചില ചോദ്യങ്ങൾക്കുള്ള മറുപടികൾ
ഈ ലക്കം മാത്രം കാണാനിടയാവുന്നവർക്ക് മാസികയെ
പരിചയപ്പെടാൻ സഹായിച്ചേക്കും*




## സാധാരണലക്കങ്ങളിൽ സാഹിത്യരചനകൾ പതിവില്ലല്ലോ?

പേനയും കടലാസും കൊണ്ടുമാത്രമേ രചനകൾ നടത്താവൂ എന്നുണ്ടോ.?ലഭ്യമായ ഇടത്തിൽ സമയത്തിൽ സ്വന്തം ജീവിതം കൊണ്ടും കലാവിഷ്കാരം നിർവ്വഹിക്കാം. എഴുത്തുകാരൻ തന്റെ കൃതികളിലൂടെ ആവിഷ്കാരങ്ങൾ നടത്തുമ്പോൾ സ്വന്തം ജീവിതം കൊണ്ട് മഹത്തായ ആവിഷ്കാരങ്ങൾ നിർവഹിക്കാൻ പ്രപഞ്ചത്തിലെ ഏറ്റവും നിസ്സാരമായ ജീവിക്കും കഴിയും. പുസ്തകത്താളിൽ എഴുതുന്നതിനേക്കാൾ മഹത്വമുള്ള രചനകൾ ജീവിതം കൊണ്ട് എഴുതാൻ കഴിയും.എഴുത്തിനെക്കുറിച്ചുള്ള മൗഢ്യധാരണകൾ ഉരുകുമ്പോഴേ ചെറുതും സാധാരണവുമായ ജീവിതങ്ങളിലേക്ക് ജാഗരൂകമാവാൻ കഴിയൂ. ഇത്തരം ചില ആലോചനകളാണ് മാസികയിൽ ഇടം പിടിക്കുന്നത്.

## ലിറ്റിൽ മാസികയുടെ നിലപാട് വ്യക്തമാക്കാമോ?

ഒരു വിഷയത്തിലും അവസാനവാക്ക് പറയാതെ നിരന്തരമായ അന്വേഷണംനടത്തുന്നവരുടെ ഒത്തുചേരലാണ് മാസികയെ നിലനിർത്തുന്നത്.സത്യാന്വേഷകനും മാസികയുടെ ആത്മമിത്രവുമായ ശ്രീ.ഷൗക്കത്ത് മാസികയിൽ എഴുതിയതിങ്ങനെ:
*ജീവിതത്തെ തത്വദർശനങ്ങൾകൊണ്ട് സങ്കീർണ്ണമാക്കിയവരാണു നാം. മനുഷ്യന് സ്വഭാവാനുസൃതമായി മാത്രമെ ജീവിക്കാനാകൂ എന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ച് അപ്രായോഗികമായ ദർശനങ്ങൾ ജീവിതത്തിൽ അടിച്ചേൽപ്പിക്കുന്ന പ്രവണത എവിടെയും സജീവമാണ്. ദാർശനികമായി ജീവിക്കാൻ ശ്രമിച്ച് കഷ്ടപ്പെടുന്നവരാണ് നമ്മിലധികവും. കുഞ്ഞിനെ വളർത്തുന്നതും ചിത്രം വരയ്ക്കുന്നതും വണ്ടിയോടിക്കുന്നതും എങ്ങനെയെന്ന് അനായാസമായി പറയാനാകുമെങ്കിലും ബോധപൂർവ്വം പ്രായോഗികമാക്കാൻ ശ്രമിക്കുമ്പോഴാണ് അതെത്ര പ്രയാസകരമാണെന്ന് അനുഭവിക്കുക. എന്നാൽ ഒരു അമ്മയോടോ ചിത്രകാരനോടോ ഡ്രൈവറോടോ അവരവരുടെ കൃത്യങ്ങളിൽ എങ്ങനെയാണ് ഇത്ര ലാഘവത്തോടെ കഴിയാനാകുന്നതെന്നു ചോദിച്ചാൽ കൃത്യമായ ഒരു മറുപടി തരാനാകാതെ അവർ മൗനമായിരിക്കുകയേയുള്ളു. സ്വാഭാവികമായി സംഭവിക്കുന്നതൊന്നും ബോധപൂർവ്വം നടപ്പിലാക്കാൻ കഴിയില്ല. എളുപ്പത്തിൽ ചെയ്യുന്നതെങ്ങനെയെന്നു പറയാൻ അത്ര എളുപ്പവുമല്ല.*
ഇത്തരം ആലോചനകളാണ് മാസിക പങ്കുവെക്കുന്നത്.

---



**POETRY IS AN ECHO, ASKING A SHADOW TO DANCE.**

**Carl Sandburg**

## വിചാരണ

**വിനീത മഹേഷ്**

ഇന്നലെയായിരുന്നു
അത് സംഭവിച്ചത്
മേലങ്കി വിൽക്കാൻ
കുറിയിടേണ്ടി വന്നില്ല
കൂടെ നിൽക്കാൻ
പ്രണയം പഠിപ്പിച്ച
പ്രവാചകനെ കണ്ടില്ല
വീഞ്ഞിന്റെ ചൊവ
നാവിൽ കയ്പായി
വിശുദ്ധ ചുംബനം കൊണ്ട്
മരണം വരെ
കൊല്ലുവാൻ വിധി




## അന്തിച്ചോപ്പ്

**സുനി പി.വി**

നാം ഉമ്മവെച്ച് തുടുത്ത
പകലിൻ വാതിൽ
പഴുതിലൂടൊളിഞ്ഞു
നോക്കിനിന്ന
സന്ധ്യയതോർത്ത്
നാണിക്കുന്നതാവാം.

## നിങ്ങൾ വരിസംഖ്യ അയച്ചോ?



പരസ്യമില്ലാതെ, ചില്ലറ വിൽപ്പനയില്ലാതെ ലിറ്റിൽ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നത് കുറച്ചുപേരുടെ വരിസംഖ്യ ഒന്നിച്ചുകിട്ടുന്നതുകൊണ്ടാണ്. ഓരോ മാസവും കുറച്ചു പഴയ വരിക്കാർ വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ കണ്ടെത്തി തന്നും സഹായിച്ചാൽ മാസിക കൃത്യമായി പുറത്തിറങ്ങും. 200 രൂപ അയച്ചുതന്ന് വരി പുതുക്കിയും വരി ചേരാൻ തയ്യാറുള്ള രണ്ടുപേരുടെയെങ്കിലും വിലാസങ്ങൾ അയച്ചുതന്നും ദയവായി സഹായിക്കുക.

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*

*അക്കൗണ്ട് നമ്പർ - **ബിജു ജോൺ 0857101067932** (കാനറ ബാങ്ക് എടക്കര ശാഖ)*

*IFS code: CNR B 0000857*

ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,മലപ്പുറം-679334

# സെങ്കടൽ

**സുധീർരാജ്**



റിലയൻസിന്
ഓഎഫ്സി കേബിളിടാൻ
കുഴിയെടുക്കുന്ന
തമിഴത്തിയമ്മയ്ക്കൊരു
ചിലമ്പ് കിട്ടുന്നു.
കിലുകിലെ കിലുങ്ങുന്ന
ചിലമ്പിലേക്കമ്മ
കാതോർക്കുന്നു.
സെങ്കടലിൻ സങ്കടത്തമിഴിൻ
നെഞ്ചിരമ്പം കേൾക്കുന്നു.
തൊണ്ട വറ്റിയ കാവേരിയമ്മയുടെ
കാസത്തിൻ കുറുകൽ പോലെ
കടലിനപ്പുറമെരിഞ്ഞുപോയ-
തിണൈകളുടെ
ശൂലംകുത്തിയ മരണപ്പാട്ടുകേൾക്കുന്നു
എന്നമ്മായിതെന്നവൾ
നെഞ്ചത്തടിച്ചലമുറയിടുന്നു.
(ചത്തുപോയ കുഞ്ഞുങ്ങളുടെ
എണ്ണമെടുക്കുന്ന തിരമാലകളിലേക്ക്
പേരറിവാളന്റെ കൃഷ്ണമണിയടിയുന്നു)
ഒറ്റത്തുറുകണ്ണ് വളർന്ന്
വളർന്നൊരു
ദ്വീപിനെയുറ്റുനോക്കുന്നു.
മണ്ണുകുഴിച്ചു കുഴിച്ചു ചെല്ലുന്നയമ്മ
കണ്ണുകൾ കണ്ടു ഭയക്കുന്നു.
ദ്വീപുകൾ വളർന്നു വളർന്നൊരു
തുറുകണ്ണായി
അമ്മേ തായേന്നലമുറയിടുന്നു.
അമ്മയ്ക്കൊപ്പം മണ്ണുകുഴിച്ചു
ചെല്ലുന്ന ഞങ്ങൾ
മകന്റെ ശവം തിന്നുമ്മയെ
കാണുന്നു
കണ്ണില്ലാത്ത മകന്റെ ശവം
തിന്നുമമ്മയെ കണ്ട്
സെങ്കടൽ ഞങ്ങളിലേക്ക് കരയുന്നു
എരിയ്ക്കാൻ പുറമില്ലാത്തവന്റെ
ശവമടക്കലിലേക്ക്
അമ്മ കോമ്പല്ലിൽ കൊരുത്ത
ചിലമ്പിൻ കണ്ണുകളെറിഞ്ഞുടയ്ക്കുന്നു
സെങ്കടലോ
നിശ്ശബ്ദം
ചത്തുപോയ കുഞ്ഞുങ്ങളുടെ
എണ്ണമെടുക്കുന്നു.

## മേൽക്കൂര

**സുജീഷ്**

തെളിഞ്ഞ വാനം
വിട്ടുതന്നിടത്തേക്ക്
ഒഴുകിക്കൊണ്ടിരിക്കുകയാണ്
മേഘമേൽക്കൂര.
കാലത്തപ്പുറത്തും
വൈകീട്ടിപ്പുറത്തും
തണൽ വിരിച്ചുയർന്നു
നിൽക്കുന്നുണ്ട് അതിരുകൾ.
മേഘമേൽക്കൂരയെ
താങ്ങിനിർത്തിയോ
തടഞ്ഞു നിർത്തിയോ
ചുവരുകളാകാനാകാതെ
അതിരുകൾ നിൽക്കേ
മഴയായ മഴയും
വെയിലായ വെയിലും
മഞ്ഞായ മഞ്ഞും
കൊണ്ടു വീടുകൾ.

## കവിത

**സോണി ഡിത്ത്**

ഉള്ളു നിറച്ചും പ്രാണനാണ്,
എങ്കിലും
ഇരുപുറം തുളവീണയീ
കുഴലെത്ര ശൂന്യം!
.....

മഴ ചാറുന്നു
വേനൽ മണം കുതിരുമ്പോൾ
കൂടുതുന്നുന്നുറുമ്പുകൾ
....

തനിയെ നടക്കുമ്പോൾ
തിടുക്കത്തിലൊരു മഴവരുന്നു
ചിറകുപേക്ഷിക്കുന്ന
തുമ്പികൾക്കിടയിൽപ്പെടുന്നു.

## പാഠഭേദം

**സഞ്ജയ് നാഥ്**

സിംഹങ്ങൾ, ആട്ടിൻപറ്റങ്ങളാൽ
ആക്രമിക്കപ്പെടുന്നത് കണ്ടാണ്
ബുദ്ധൻ ധ്യാനത്തിൽ
നിന്നുണർന്നത്
തപസ് മതിയാക്കി ബുദ്ധൻ
ഗയയിൽ നിന്നും
കപിലവസ്തുവിലെത്തി
യശോദയെ പുനർ വിവാഹം
ചെയ്ത്
രാഹുലനെ ആയുധ
പരിശീലനത്തിനയച്ച്
കപിലവസ്തുവിലെ
മഹാരാജാവായി.



# പറക്കാൻ ആവാത്ത പക്ഷികളാണ് മരങ്ങൾ

**വിമീഷ് മണിയൂർ**

പറക്കാൻ ആവാത്ത
പക്ഷികളാണ് മരങ്ങൾ
ചിറകുകൾ
ആരൊക്കെയോ ചേർന്ന്
മണ്ണിൽ കുഴിച്ചിട്ടതാണ്.
പൊഴിച്ചുകളയേണ്ട തൂവലുകൾ
മാത്രമാണ് ഇലകൾ ചില്ലകൾ
ആകാശത്തോടുള്ള
ഒടുക്കത്തെ പ്രേമമാണ് അതിന്റെ വളർച്ച
ചിറക് വിരിക്കാനുള്ള മോഹം പന്തലിപ്പ്
ഒരിക്കൽ കൊടുങ്കാറ്റ് വരും
അന്ന് ചിറക് കുടഞ്ഞ്
ആവതും പറക്കണം.
ഇനിയും എണീറ്റ്
പറക്കാൻ ആവാത്ത
മറ്റൊരു മരത്തിൽ ചെന്ന്
ചെറിയൊരു കൂട് വെയ്ക്കണം

# വെള്ളം

**ഹാഷ്മി എസ്. കെ.**

പുറത്തൊരു പാത്രം വച്ചിട്ടുണ്ട്,
അതിൽ നിറയെ തെളിഞ്ഞ വെള്ളമാണ്
ആദാദ്യമാരും കൊക്ക് നീട്ടിയില്ല
പിന്നെപ്പിന്നെ രണ്ടു കറുത്ത ചിറകുകൾ,
നാല് വെള്ളച്ചിറകുകൾ കൂട്ടിന്
എട്ടുപത്തു-
ണ്ടക്കണ്ണുകളും.
ദിനങ്ങൾ പിന്നിടുന്തോറും
വീട്ടിൽ മുറ്റത്തൊരുത്സവമേളം
ചുട്ടുപൊള്ളുന്ന വെയിലിനെ
അതിജീവിക്കാൻ
വീടിനുചുറ്റും മരങ്ങളുണ്ട്
വലിയൊരു തറവാടുപോലെ കൂറ്റൻ
കാവുണ്ട്
വറ്റാത്ത കിണറുകളുണ്ട്
നിറഞ്ഞു തുളുമ്പുന്ന പാൽക്കുളമുണ്ട്
എന്നിട്ടും മുറ്റത്ത് കരുതിയ
തെളിവെള്ളത്തിന്റെ
മാധുര്യം ഈ അനേകായിരം കിളികളെ-
യിങ്ങനെ ചേർത്തു പിടിക്കുന്നു
പലമഴക്കാലങ്ങൾ പകർന്ന്
തരുന്നതെന്തൊക്കെയോ
വേനലിന്റേതു മാത്രമായി
നീരുവന്നുറഞ്ഞുകിടക്കുന്നു.

# മെറ്റമോർഫോസിസ്

**സാഹിറ**

ആ പൂവ് നീ എന്തുചെയ്തു?
ബഷീറിൽ നിന്ന് ഇറങ്ങി വന്ന്
അവൻ ചോദിച്ചേക്കാം
ഏത് പൂവെന്ന് ചോദിക്കില്ല
രക്ത നക്ഷത്രം പോലെ
ചുവന്ന ആ
പൂവാണെന്നറിയാമല്ലോ
ചവുട്ടിയരച്ച്
കളഞ്ഞെന്നു തന്നെ
പറഞ്ഞേക്കും

എങ്ങിനെ പറയും ഞാൻ
അതെന്റെ നോട്ടുപുസ്തകത്തിൽ
ഇപ്പോഴും,
ഉണങ്ങിയുണങ്ങി
ഒരു കടലാസു പൂവായ്
മാറിക്കൊണ്ടിരിക്കയാണെന്ന്



# പൂവും മരവും

**വി.ടി.ജയദേവൻ**

ഒരു പൂവെന്നാലൊരുമരമോരോ
ഇലയും ചില്ലയുമോരോ മൊട്ടും പൂവും
ആ മരമൊരുനാൾ ഗാഢമുറങ്ങിയ
വിത്തും അതിനെയുണർത്തിയ നനവിൻ
മെല്ലെത്തൊടലും ആദ്യത്തെച്ചുടു
ചുംബനമേകിയ വെയിലിൻ ചുണ്ടും
ആ വിത്തേതൊരു പൂവിൽ നിന്നോ
ആ പൂവും ആ പൂവിൻ മരവും
ഒരു പൂവെന്നാലെല്ലാ പൂവും
ഒരു മരമെന്നാലെല്ലാ മരവും
ഒരു മരമെന്നാലെല്ലാ മരവും...

# ഒരു പൂവിനെപ്പറ്റി പറയുമ്പോൾ



ഒരു പൂവിനെപ്പറ്റി
മാത്രം പറയാനാമോ
അതിനെച്ചുഴും തളിർ
പ്പച്ചയെപ്പറയാതെ.

ഇലയെപ്പറ്റിയാകുമോ
പാടുവാൻ പറയാനാ
ച്ചില്ലയെപ്പറ്റിയൊന്നുമേ
പറയാനറിയില്ലങ്കിൽ!

ചില്ലയെപ്പറ്റി സാധ്യമോ
ചില്ലകളൂന്നിനിൽക്കുന്ന
തായ്മരത്തടിയെപ്പറ്റി
ഒന്നുമേ പറയാതെ.

പറ്റുമോ ഒരു തായ്മര
വിവരണം വേരിനെപ്പറ്റി,
വേരൊഴും മണ്ണിനെപ്പറ്റി,
മണ്ണാകും ഭൂമിയെപ്പറ്റി,
അന്തരാഴത്തെപ്പറ്റി,
ആകാശ വെണ്മയെപ്പറ്റി
അതു നോക്കി കൺമിഴിക്കുമാ
കരിനീലപ്പൂവിനെപ്പറ്റി
ഒന്നുമേ പറയാതെ
ഒട്ടൊന്നോർമ്മിക്കാതെ.

ഒരു പൂവിനെപ്പറ്റി
സാധ്യമോ പറയുവാൻ
അപ്പൂവിനാത്മം,സത്യം
അന്തരാ നുകരാതെ.

RN67322 /94
Postal Reg.No.KL/MJI/82/2016-18 **Little Masika** Date of Publication:10-02-2017.



ടോക്കിയോവിൽ, ജപ്പാനിലെ ഏറ്റവും നല്ല ബക്ക് വീറ്റ് നൂഡിൽസുകൊണ്ട് എന്നെ സൽക്കരിച്ചിട്ടുണ്ട്, പക്ഷേ, എന്റെ ഫലോദ്യാനത്തിലെ കുടിലിൽ ഞാൻ തയ്യാറാക്കുന്ന നാടൻ ഊണു തന്നെ എന്നെ സംബന്ധിച്ചിടത്തോളം സമൃദ്ധം. ഈ മലമുകളിൽ വച്ച് വിശപ്പു തോന്നിയാൽ അവിടെ വളരുന്ന ധാന്യങ്ങൾ മതി എനിക്കു തൃപ്തിയാവാൻ. ഭക്ഷിക്കാനും ജോലി ചെയ്യാനും ഉറങ്ങാനും കഴിയുകയേ വേണ്ടൂ-വേറൊന്നും ആവശ്യമില്ല നമുക്ക്.

ആനന്ദലബ്ധിക്ക് ജാലകം തുറന്ന് പുറത്തെ പച്ചപ്പിന്റെ മേടയിലേക്ക് നോക്കുകയേ വേണ്ടൂ. എങ്കിൽ പിന്നെ പ്രസിദ്ധമായ ചലചിത്രങ്ങൾ കാണാൻ പോകുന്നതെന്തിന്? സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ പഠിക്കുകയോ സ്വരങ്ങളെക്കുറിച്ച് മനസ്സിലാക്കുകയോ പോലും ചെയ്യാതെ തന്നെ, കിളികൾ ചിലയ്ക്കുന്നതും തവളകൾ കരയുന്നതും ആസ്വദിക്കാനാവും നമുക്ക്. എത്ര ഒച്ചപ്പാടു നിറഞ്ഞതാണെങ്കിലും ശരി, തങ്ങളുടേതായ രീതിയിൽ തങ്ങളുടെ ശബ്ദം ഉപയോഗിച്ച് മെച്ചപ്പെട്ടതല്ലെങ്കിലും ഒരു മേളം രചിക്കുകയാണവ. എല്ലാം പരിത്യജിച്ചുകൊണ്ടും ആശയങ്ങളുടെ ലോകത്തു നിന്ന് അകന്നുകൊണ്ടും നമുക്ക് കണ്ടെത്താനാവും (അത് വളരെ ലളിതമാണുതാനും) ഒന്നുമില്ലാത്ത ലോകം സർവ്വസമ്പന്നമാണ്. വാസ്തവത്തിൽ എല്ലാം ഉള്ളതാണത്. അത് ആവുന്നിടത്തോളം സമൃദ്ധമായ ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

നിങ്ങളുടെ ക്ഷേത്രത്തിനു പിന്നിലെ ആ മലമുകളിൽ കൃഷിചെയ്തു ജീവിതകാലം കഴിക്കൂ എന്നാണ് ഒരിക്കൽ ഒരു ബുദ്ധസന്യാസി യാത്രപറഞ്ഞു പിരിയുമ്പോൾ ഞാൻ നിർദേശിച്ചത്. ഒരു സെൻ പുരോഹിതനോടു പറഞ്ഞ വാക്കുകളും ഞാൻ ഓർക്കുന്നു. എന്നും ധ്യാനസ്ഥനായി ഇരിക്കയേ വേണ്ട. ധ്യാനത്തിലൂടെ അന്യൂനമായ പ്രശാന്തത കൈവരിക്കാൻ നിങ്ങൾക്കു ശ്രമിക്കാം. എന്നാൽ നിങ്ങളുടെ മനസ്സ് ഒന്നോ രണ്ടോ മിനിട്ടു പാടെ ശൂന്യമാക്കിനിർത്താൻ കഴിഞ്ഞാൽ അത്ഭുതകരമായിരിക്കും. പത്തിരുപതു വർഷമായി ധ്യാനം തുടർന്നിട്ടും ഇപ്പോഴും ഒന്നോ രണ്ടോ മിനിട്ടെങ്കിലും സമസ്ത ചിന്തകളെയും നിരോധിക്കാൻ കഴിയാത്തവർ ഇല്ലേ? മനുഷ്യൻ എത്ര ചിന്താക്കുഴപ്പമുള്ളവനാണെന്നും ചിന്താരഹിതമായ മനസ് കൈവരിക്കുക എത്രമാത്രം പ്രയാസമാണെന്നുമല്ലേ ഇതിൽ നിന്നു തെളിയുന്നത്. സെൻ പരിശീലിക്കുന്നതിനേക്കാൾ ഒരു പമ്പരവിഡ്ഢിയാവുകയും കൈക്കോട്ടുമായി ഇവിടെ പണിയെടുക്കുകയും ചെയ്യുന്നതല്ലേ, വൈരാഗ്യസിദ്ധിക്ക് നന്ന്. ഇതു തന്നെയാവും ലക്ഷ്യപ്രാപ്തിക്ക് ഏറ്റവും എളുപ്പമുള്ള പാത.

-ഫുക്കുവോക്ക

Prepare to do small things...
subscribe to Little Masika




Edited,Printed, Published and Owned by Biju John (Responsible for selection of news under the